കെസിബിസി
മീഡിയ



# വത്തിക്കാൻ തരംഗം

Vol No.36 No.4 April 2026 Rs.5.00



## കലൂർ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ

# വിശുദ്ധ അന്തോണീസിന്റെ തിരുനാൾ



**അനുഗ്രഹ നവനാൾ നൊവേന**

**2026 ജൂൺ 04 മുതൽ 12 വരെ**

**തിരുനാൾ ദിനം** | **2026 ജൂൺ 13, ശനി**

| | |
|---|---|
| രാവിലെ 06:15 | : തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : റൈറ്റ് റവ. ഡോ. പീറ്റർ പറപ്പിള്ളി |
| വചനപ്രഘോഷണം | : റവ. ഫാ. വിബിൻ ചൂതംപറമ്പിൽ |
| രാവിലെ 10:45 | : തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ |
| വൈകിട്ട് 04:30 | : തിരുനാൾ ദിവ്യബലി, നൊവേന |
| മുഖ്യകാർമ്മികൻ | : മോസറ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ |
| വൈകിട്ട് 7:00 | : തിരുനാൾ ദിവ്യബലി, നൊവേന (ഇംഗ്ലീഷ്) |
| മുഖ്യകാർമ്മികൻ | : റവ. ഫാ. ബ്രിഗേൽ വിക്ടർ OCD |

FOR DONATIONS

**തത്സമയം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ**

Youtube Channel: Kaloor St Antony
Facebook: Kaloor St Antony's Shrine
website: st-antonykaloor.org


**Kaloor St. Antony's Shrine**
Phone:0484-2530592, 9400111287
email: kaloorstantony@gmail.com




# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- അല്മായരുടെ സ്ഥാനം ... 07
- ആഫ്രിക്കയുടെ ... 13
- ജൂണിൽ കൺസിസ്റ്ററി ... 24
- എല്ലാവർക്കും വാതിലുകൾ ... 28
- ക്രിസ്തു ജീവിക്കുന്നു ... 31
- വിശുദ്ധ മറിയം ത്രേസ്യാമ്മ ... 35
- ദേവസങ്കീർത്തന ... 40
- ക്രിസ്തുസ്നേഹത്തിന്റെ ... 42
- എങ്ങനെ മറക്കാൻ ... 44
- വാർത്തയും ചിന്തയും ... 46



*മുഖ്യരക്ഷാധികാരി*

- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ

*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡൈ്വസർ* • അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# എല്ലാവരെയും ശ്രവിച്ചുകൊണ്ട് ഒരു വർഷം

## EDITORIAL



അശാന്തമായ ലോകത്തിൽ, തികച്ചും ശാന്തനായ ഒരു മാർപാപ്പ. ലെയോ പതിനാലാമൻ മാർപ്പാപ്പയുടെ ഒരു വർഷത്തെ സഭാ ശുശ്രൂഷയുടെ ടാഗ് ലൈൻ ഇങ്ങനെ കുറിക്കാം. 2025 മേയ് 8ന് ആഗോള കത്തോലിക്കാസഭയുടെ പരമാചാര്യനായി തെരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ പാപ്പ തന്റെ പോയ വർഷത്തെ ഭരണത്തിലൂടെ, കുറച്ച് സംസാരിക്കുകയും കൂടുതൽ ശ്രവിക്കുകയും ചെയ്യുന്ന പാപ്പയെന്ന മാധ്യമ വിശേഷണത്തിന് അർഹനായിട്ടുണ്ട്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയ്ക്കുശേഷം അടച്ചിട്ട അപ്പസ്തോലിക മന്ദിരത്തിൽ വീണ്ടും താമസമാരംഭിച്ച ലെയോ പതിനാലാമൻ മാർപാപ്പ ഫ്രാൻസിസ് പാപ്പ ഉപേക്ഷിച്ച മാർപ്പാപ്പയുടെ ഔദ്യോഗിക വസ്ത്രശൈലിയിലേക്ക് മടങ്ങുകയുണ്ടായി. ഇതാകട്ടെ ഒരു കാനോനിക നിയമ വിദഗ്ധൻ എന്ന നിലയിൽ സഭയുടെ ആന്തരികഭാവവും ദൃഢഭാവവും സൂചിപ്പിക്കുന്നതായി കാണാം.

നിങ്ങൾക്ക് സമാധാനം എന്ന ലളിത വാക്യവുമായി 2025 മെയ് 8 ന് വിശ്വാസികൾക്കു മുമ്പിലേക്ക് പുതിയ മാർപാപ്പയായി കടന്നുവന്ന അമേരിക്കയിൽ നിന്നുള്ള കർദ്ദിനാൾ റോബർട്ട് പ്രെവോസ്റ്റ് ഏറെ സംയമനത്തോടെയാണ് വിശുദ്ധ പത്രോസിന്റെ പിൻഗാമിയെന്ന നിലയിൽ തന്റെ ശുശ്രൂഷകൾ സമാരംഭിച്ചത്.2025 മെയ് 18ന് പുതിയ മാർപാപ്പ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ ഒരു ഏകീകൃതസഭയെന്ന തന്റെ സ്വപ്നം വരച്ചിടുകയുണ്ടായി. വിശുദ്ധ പത്രോസിന്റെ 266–ാ മത്തെ പിൻഗാമിയാണ് പാപ്പ. സാഹോദര്യത്തിൽ അടിയുറച്ച കൂട്ടായ്മയും, സഭാ ശുശ്രൂഷയുടെ ദാസ്യഭാവവും സഭയിൽ അവശ്യം ഉണ്ടായിരിക്കേണ്ട അനുരഞ്ജന മനോഭാവവും തന്റെ ആദ്യ പ്രസംഗത്തിൽ തന്നെ ലെയോ പതിനാലാമൻ മാർപാപ്പ ഊന്നിപ്പറഞ്ഞത് ഏറെ

ആഹ്ലാദത്തോടെയാണ് വിശ്വാസികൾ ശ്രവിച്ചത്.

മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം 48 മണിക്കൂറിനുള്ളിൽ പാപ്പ അംഗമായുള്ള അഗസ്റ്റീനിയൻ സന്യാസികൾ നടത്തുന്ന മദർ ഓഫ് ഗുഡ് കോൺസൽ ദേവാലയം സന്ദർശിച്ചത് തന്റെ വിശ്വാസ തീക്ഷ്ണതയുടെ പാത അനാവരണം ചെയ്യുന്നതായി മാറി. വത്തിക്കാനിലേക്കുള്ള മടക്കയാത്രയിൽ തന്റെ മുൻഗാമി ഫ്രാൻസിസ് പാപ്പയുടെ കബറിടം സന്ദർശിക്കുകയും സെന്റ് മേരി മേജർ ബസിലിക്കയിൽ പ്രാർത്ഥിക്കുകയും ചെയ്തു.

യുവതയോടുള്ള തന്റെ വാൽസല്യം പ്രകടമാക്കിയ നിരവധി ഇവന്റുകൾ പേപ്പൽ ശുശ്രൂഷയുടെ ആദ്യ വർഷത്തിൽ തന്നെ ലെയോ പതിനാലാമൻ പാപ്പയെ തേടിയെത്തി. 2025 ജൂലൈ 28 മുതൽ ഓഗസ്റ്റ് വരെ നടന്ന യുവജന ജൂബിലി വേളയിലെ മുഖ്യ ചടങ്ങിൽ പാപ്പയെ ശ്രവിക്കാനെത്തിയത് 10 ലക്ഷം യുവതീ യുവാക്കളായിരുന്നു. 2025 നവംബർ 21ന് അമേരിക്കൻ കൗമാരക്കാരുമായി മാർപാപ്പ നടത്തിയ ഡിജിറ്റൽ കൂടിക്കാഴ്ച, പുതിയ സാങ്കേതിക വിദ്യകളോടുള്ള സഭയുടെ സമീപനം വ്യക്തമാക്കുന്നതായി. ഇതോടൊപ്പം കൗമാരക്കാരനായ കമ്പ്യൂട്ടർ വിദഗ്ധൻ കാർലോ  അക്യൂട്ടിസിനെയും, ദൈവത്തിന്റെ പർവതാരോഹകൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പിയർ ജോർജിയോ ഫ്രസാറ്റിയെയും പാപ്പ വിശുദ്ധ പദവിയിലേക്ക് അവരോധിച്ചത് സുപ്രധാന ചരിത്ര നിമിഷമായി മാറി.

2026 ജനുവരി 7,8 തീയതികളിൽ നടന്ന കൺസിസ്റ്ററിയിൽ ഒത്തുകൂടിയ ലോകമെമ്പാടുമുള്ള കർദ്ദിനാൾമാർക്ക് "നിങ്ങളെ ശ്രവിക്കാൻ ഞാൻ ഇവിടെയുണ്ട്" എന്ന ഉറപ്പ് നൽകിയതിലൂടെ, അതൊരു അസാധാരണ കൂടിവരവായി മാധ്യമങ്ങൾ വിശേഷിപ്പിക്കുകയുണ്ടായി. "സഭയെ ഭരിക്കുകയെന്ന ഉന്നതവും കഠിനവുമായ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ" പരിശുദ്ധ പിതാവിന് പിന്തുണയും ഉപദേശവും നൽകുകയെന്ന ഉദ്ദേശ്യം ഈ കൺസിസ്റ്ററിക്കുണ്ടെന്ന് പിന്നീട് വത്തിക്കാൻ വിശദീകരിച്ചു.

വിശുദ്ധ വാര കർമ്മങ്ങളിലും ഈസ്റ്റർ ആഘോഷത്തിലും പുതിയ മാർപാപ്പ പങ്കെടുത്തത്. ഈ വിശേഷ ദിനങ്ങളിൽ, വത്തിക്കാനിലെത്തിയ തീർത്ഥാടകർക്ക് പുതിയ അനുഭവമായി. 1994നുശേഷം വിശുദ്ധ ജോൺപോൾ രണ്ടാമനുശേഷം കുരിശിന്റെ വഴിയിലെ 14 സ്റ്റേഷനുകളിലേക്കും മരക്കുരിശുമേന്തി പാപ്പ  നടന്നത് വിശ്വാസികളുടെ കണ്ണ് നനയിച്ചു.

ആഫ്രിക്കയിലേക്കും പശ്ചിമേഷ്യയിലേക്കും ലെയോ പതിനാലാമൻ നടത്തിയ അപ്പസ്തോലിക യാത്രകളിലെല്ലാം സമാധാനത്തിനായുള്ള നിരന്തരമായ ആഹ്വാനങ്ങൾ മുഴങ്ങി. സഭാ ഭരണത്തിന്റെ സിരാകേന്ദ്രമായ ക്യൂരിയയുടെ നിശ്ചിത ഘടനയിലുള്ള പുനഃക്രമീകരണം, അദ്ദേഹം പുലർത്തുന്ന വിശ്വാസ ജാഗ്രതയുടെ ഉദാഹരണമാണ്.

അമേരിക്കയുടെ 250–ാം സ്വാതന്ത്ര്യാഘോഷങ്ങളിൽ പുതിയ പാപ്പ തന്റെ മാതൃരാജ്യത്തിലേക്കില്ലെന്ന് വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ട്. ആ ദിനത്തിൽ യൂറോപ്യൻ കുടിയേറ്റ പ്രതിസന്ധിയുടെ പ്രതീകമായ ഇറ്റാലിയൻ ദ്വീപായിരിക്കും (ലാംപെഡൂസ) പാപ്പ സന്ദർശിക്കുക. ദരിദ്രരോടു സഭ പുലർത്തേണ്ട ഹൃദയൈക്യം പ്രകടമാക്കുന്നതാണ് ലെയോ പതിനാലാമൻ മാർപാപ്പയുടെ "അവൻ നിങ്ങളെ സ്നേഹിച്ചു" എന്ന അപ്പസ്തോലിക ആഹ്വാനം. വരും ദിനങ്ങളിലും തന്റെ കരവേലയങ്ങൾക്കുള്ളിൽ ഇല്ലാപ്പാവങ്ങളെ ചേർത്തുനിർത്തുമെന്ന മൗനമായ വിളംബരം  ഈ അപ്പസ്തോലിക രേഖയിലുണ്ട്. ദൈവത്തെ മഹത്വപ്പെടുത്താൻ ദരിദ്രരിലേക്ക് കണ്ണയയ്ക്കുകയെന്ന പാപ്പയുടെ ആഹ്വാനത്തിന് നമുക്കും ചെവിയോർക്കാം. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**




# അല്മായരുടെ സ്ഥാനം ഉന്നതവും മഹിതവും:

## ലെയോ മാർപാപ്പ

SPECIAL REPORT

ബാബു കദളിക്കാട്



**വത്തിക്കാൻ സിറ്റി :** അൽമായരുടെ സ്ഥാനം സഭയിൽ മഹിതവും നിർണ്ണായകവുമെന്ന് ചൂണ്ടിക്കാട്ടി ലിയോ പതിനാലാമൻ മാർപാപ്പാ. വലിയ ഉത്തരവാദിത്വങ്ങളാണ് അൽമായരിൽ നിക്ഷിപ്തമായിരിക്കുന്നതെന്നും ഏപ്രിൽ ഒന്നിന് വത്തിക്കാനിൽ അനുവദിച്ച പൊതുകൂടിക്കാഴ്ചാവേളയിലെ പ്രഭാഷണത്തിൽ പാപ്പാ ഓർമ്മിപ്പിച്ചു. 'മഹാ, നിത്യപുരോഹിതനായ യേശുക്രിസ്തു, തന്റെ സാക്ഷ്യവും ശുശ്രൂഷയും അൽമായരിലൂടെയും തുടരാൻ ആഗ്രഹിക്കുന്നു.'

രണ്ടാം വത്തിക്കാൻ കൗൺസിലിനെയും അതിന്റെ പ്രമുഖ രേഖകളെയും കുറിച്ചുള്ള പഠന–ഉദ്ബോധന പരമ്പരയാണ് ഈ വർഷത്തെ ബുധനാഴ്ചകളിൽ ലിയോ പതിനാലാമൻ പാപ്പാ നടത്തിവരുന്നത്. ഇതനുസരിച്ച്, ജനതകളുടെ പ്രകാശം എന്നർത്ഥം വരുന്ന, 'ലുമെൻ ജെൻസ്യം' (Lumen gentium) എന്ന പ്രമാണരേഖയെ ആധാരമാക്കി, 'ദൈവജനത്തിലെ അല്മായർ: സഭയിലെ ജീവിക്കുന്ന ശിലകളും ലോകത്തിലെ സാക്ഷികളും' എന്ന തലക്കെട്ടോടെ, സഭയിൽ അൽമായരുടെ സ്ഥാനത്തെക്കുറിച്ചും പ്രാധാന്യത്തെകുറിച്ചുമാണ് ഏപ്രിൽ ഒന്നിന് ബുധനാഴ്ച പാപ്പാ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ പതിവുപോലെ ഉദ്ബോ




ധനം നടത്തിയത്. പാപ്പായുടെ പ്രബോധനപ്രഭാഷണത്തിന് മുൻപായി വിശുദ്ധ പൗലോസ് എഫസോസുകാർക്കെഴുതിയ ലേഖനം നാലാം അദ്ധ്യായം ഒന്നും, നാലും അഞ്ചും വാക്യങ്ങൾ വായിക്കപ്പെട്ടു: (സഹോദരങ്ങളേ) നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ ജീവിതം നയിക്കുവിൻ. ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ. (എഫേ. 4, 1. 4–5). പ്രഭാഷണത്തിലെ പ്രസക്ത ഭാഗങ്ങൾ :

<u>പൂർണ്ണതയിലേക്കുള്ള വിളി</u>

ലുമെൻ ജെൻസിയും  എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ അവതരിപ്പിക്കപ്പെടുന്നതനുസരിച്ച് സഭയെക്കുറിച്ചുള്ള തുടർവിചിന്തനം നമുക്ക് തുടരാം. ഇന്ന് നാം അൽമായരെക്കുറിച്ച് പ്രതിപാദിക്കുന്ന നാലാമത്തെ അദ്ധ്യായമാണ് വിശകലനം ചെയ്യുന്നത്. ഫ്രാൻസിസ് പാപ്പാ പല തവണ പറയാൻ ഇഷ്ടപ്പെട്ടിരുന്നത് നമുക്ക് അനുസ്മരിക്കാം: അൽമായരാണ് ദൈവജനത്തിന്റെ ഭൂരിഭാഗവും. അവരുടെ ശുശ്രൂഷയ്ക്കായി ഒരു ന്യൂനപക്ഷമുണ്ട്: അഭിഷിക്തരായ ശുശ്രൂഷകർ (അപ്പസ്തോലിക പ്രബോധനം, എവഞ്ചേലി ഗൗദിയും, 102). പുരോഹിതവിഭാഗത്തിന്റെയോ സമർപ്പിതരുടെയോ ഭാഗമല്ലാത്തവർ എന്ന പേരിൽ മാത്രം നൂറ്റാണ്ടുകളായി നിർവ്വചിക്കപ്പെട്ടിരുന്ന അൽമായരുടെ സ്വഭാവവും നിയോഗവും ക്രിയാത്മകമായ രീതിയിൽ വിശദീകരിക്കുന്നതിനാണ് പ്രമാണത്തിന്റെ ഈ ഭാഗം പരിശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ, ക്രൈസ്തവരെന്ന അവസ്ഥയുടെ മഹത്വത്തെക്കുറിച്ച് പറയുന്ന മനോഹരമായ ഒരു ഭാഗം നിങ്ങൾക്കൊപ്പം വീണ്ടും വായിക്കാൻ എനിക്കിഷ്ടമാണ്: ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനം മാത്രമേ ഉള്ളൂ: 'ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ' (എഫേ. 4, 5); ക്രിസ്തുവിലുള്ള പുതുജന്മത്താൽ എല്ലാ അംഗങ്ങളുടെയും മഹത്വം പൊതുവായതാ





ണ്, ദത്തുപുത്രന്മാരെന്ന നിലയിലുള്ള കൃപ പൊതുവായതാണ്, പൂർണ്ണതയിലേക്കുള്ള വിളി പൊതുവായതാണ്. ശുശ്രൂഷയിലോ ജീവിതാന്തസ്സിലോ ഉള്ള എല്ലാ വ്യത്യസ്തതകൾക്കും മുൻപായി, കൗൺസിൽ ജ്ഞാനസ്നാനപ്പെട്ടവരുടെ എല്ലാവരുടെയും തുല്യത ഉറപ്പിച്ച് പറയുന്നു. ദൈവജനത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ മുൻപുതന്നെ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ, അതായത്, മിശിഹാനുകൃത ജനത്തിന്റെ അവസ്ഥ എന്നത്, ദൈവമക്കളുടെ അന്തസ്സും സ്വാതന്ത്ര്യവുമാണെന്നത്, മറന്നുപോകണമെന്ന് ഈ പ്രമാണം ആഗ്രഹിക്കുന്നില്ല. സ്വാഭാവികമായും, ദാനം വലുതാകുന്തോറും, പ്രതിബദ്ധതയും വലുതാകും. ഇതുകൊണ്ടുതന്നെ, കൗൺസിൽ, അല്മായരുടെ അന്തസ്സിനൊപ്പം, സഭയിലും ലോകത്തിലും ഉള്ള അവരുടെ നിയോഗത്തെയും അടിവരയിട്ടുപറയുന്നു. എന്നാൽ ഈ നിയോഗം എവിടെയാണ് അടിസ്ഥാനമിട്ടിരിക്കുന്നത്, അത് എന്തിലാണ് അടങ്ങിയിരിക്കുന്നത്? കൗൺസിൽ നമുക്ക് മുന്നിൽ അല്മായരെക്കുറിച്ച് നൽകുന്ന നിർവ്വചനം തന്നെ ഇത് നമുക്ക് വ്യക്തമാക്കിത്തരുന്നു. 'ജ്ഞാനസ്നാനത്താൽ ക്രിസ്തുവിനോട് ചേർക്കപ്പെടുകയും, ദൈവജനമായി രൂപീകരിക്കപ്പെടുകയും, തങ്ങളുടേതായ രീതിയിൽ ക്രിസ്തുവിന്റെ പൗരോഹിത്യ, പ്രവാചക, രാജകീയ പദവികളിൽ പങ്കാളികളാക്കപ്പെടുകയും, സഭയിലും ലോകത്തിലും, തങ്ങൾക്ക് ഉത്തരവാദിത്തമുള്ളയിടങ്ങളിൽ, മുഴുവൻ ക്രൈസ്തവ ജനത്തിന്റെയും നിയോഗം നിർവ്വഹിക്കുകയും ചെയ്യുന്ന മുഴുവൻ ക്രിസ്ത്യാനികളെയുമാണ് അല്മായർ എന്ന പേരുകൊണ്ട് ഉദ്ദേശിക്കുന്നത്'' (എവഞ്ചേലി ഗൗദിയും 31).

**ദൈവത്തിന്റെ വിശുദ്ധ ജനം**

അങ്ങനെ, ദൈവത്തിന്റെ വിശുദ്ധ ജനം രൂപമില്ലാത്ത എന്തെങ്കിലുമല്ല, മറിച്ച് ക്രിസ്തുവിന്റെ ശരീരമാണ്. അതല്ലെങ്കിൽ വിശുദ്ധ അഗസ്റ്റിൻ പറഞ്ഞിരുന്നതുപോലെ, 'മുഴുവൻ ക്രിസ്തുവാണ്''. അത് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലെ, വിശ്വാസികളുടെ പൊതുവായ പൗരോഹിത്യം ശുശ്രൂഷാപൗരോഹിത്യം എന്നീ രണ്ടു രൂപങ്ങൾ തമ്മിലുള്ള

ഫലപ്രദമായ ബന്ധത്തിന്റെ ശക്തിയാൽ, ജൈവികമായി ക്രമീകരിക്കപ്പെട്ട സമൂഹമാണ്. ജ്ഞാനസ്നാനത്തിന്റെ ശക്തിയാൽ, അല്മായർ ക്രിസ്തുവിന്റെ അതേ പൗരോഹിത്യത്തിൽ പങ്കെടുക്കുന്നു. യഥാർത്ഥത്തിൽ, മഹാ, നിത്യപുരോഹിതനായ യേശുക്രിസ്തു, അൽമായരിലൂടെയും തന്റെ സാക്ഷ്യവും ശുശ്രൂഷയും തുടരാൻ ആഗ്രഹിക്കുന്നു; അതുകൊണ്ടുതന്നെ, തന്റെ ആത്മാവിനാൽ അവൻ അവരെ സജീവരാക്കുകയും, നല്ലതും പൂർണ്ണവുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുക്കാനായി നിരന്തരം അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു (എവഞ്ചേലി ഗൗദിയും 34). ഈയൊരവസരത്തിൽ, എങ്ങനെയാണ് വിശുദ്ധ ജോൺ പോൾ രണ്ടാമനെ പാപ്പായെയും, അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനമായ 'ക്രിസ്റ്റിഫിദേലെസ് ലൈച്ചി'യെയും (30 ഡിസംബർ 1988) ഓർക്കാതിരിക്കാനാകുക? 'കൗൺസിൽ അതിന്റെ പ്രാമാണികവും, ആദ്ധ്യാത്മികവും, അജപാലനപരവുമായ സമ്പന്നമായ പൈതൃകത്താൽ, വിശ്വാസികളായ അല്മായരുടെ സ്വഭാവം, അന്തസ്സ്, ആദ്ധ്യാത്മികത, നിയോഗം, ഉത്തരവാദിത്വം എന്നിവയെപ്പറ്റി നാളിതുവരെ ഇല്ലാത്തത്ര ഭംഗിയുള്ള വിവരണം നൽകുന്നുണ്ടെന്ന് വിശുദ്ധ ജോൺ പോൾ എടുത്തുപറയുന്നുണ്ട്. അതോടൊപ്പം, ക്രിസ്തുവിന്റെ ആഹ്വാനം അവർത്തിച്ചുകൊണ്ട്, അവന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യാൻ കൗൺസിൽ പിതാക്കന്മാർ എല്ലാ അല്മയരായ വിശ്വാസികളെയും, പുരുഷന്മാരെയും സ്ത്രീകളെയും ക്ഷണിച്ചു'. ഇതുപോലെ, കൗൺസിൽ ഒരു രേഖ തയ്യാറാക്കിയിരുന്നതും, നാം ചർച്ച ചെയ്യാനിരിക്കുന്നതുമായ 'അല്മായരുടെ അപ്പസ്തോലിക പ്രവർത്തനം', എന്റെ ബഹുമാന്യനായ മുൻഗാമി പുനരാരംഭിച്ചു.

## പുറപ്പാടിന്റെ സഭയാകണം

അല്മായരുടെ അപ്പസ്തോലികപ്രവർത്തനത്തിന്റെ വിശാലമായ മേഖല സഭയുടെ ഇടങ്ങളിലേക്ക് മാത്രമായി ചുരുങ്ങിപ്പോകുന്നില്ല, മറിച്ച് ലോകം മുഴുവനിലേക്കും വ്യാപിക്കുന്നു. തന്റെ മക്കൾ സുവിശേഷം പ്രഘോഷിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന എല്ലായിടങ്ങളിലും; ജോലിസ്ഥലങ്ങളിലും, പൊതുസമൂഹത്തിലും, എല്ലാ മാനവികബന്ധങ്ങളിലും, തങ്ങളുടെ തിരഞ്ഞെടുപ്പുകളിലൂടെ അവർ, ദൈവരാജ്യത്തിൽ പൂർണ്ണമാകുന്ന നീതിയും സമാധാനവും ഇപ്പോൾ ഇവിടെ മുൻകൂട്ടി വ്യക്തമാക്കിത്തരുന്ന, ക്രൈസ്തവജീവിതത്തിന്റെ മനോഹാരിത കാണിച്ചുകൊടുക്കുന്ന എല്ലാ ഇടങ്ങളിലും സഭ സന്നിഹിതയാണ്. ലോകത്തിന് 'ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കേണ്ടതിന്റെയും , നീതിയിലും കാരുണ്യത്തിലും സമാധാനത്തിലും അതിന്റെ ലക്ഷ്യത്തിലേക്ക് കൂടുതൽ ഫലപ്രദമായ രീതിയിൽ എത്തിച്ചേരേണ്ടതിന്റെയും ആവശ്യമുണ്ട് (എവഞ്ചേലി ഗൗദിയും 36). ഇത്, അൽമായരുടെ സംഭാവനയും ശുശ്രൂഷയും സാക്ഷ്യവും കൊണ്ടേ സാധ്യമാകൂ! ഇതാണ് ഫ്രാൻസിസ് പാപ്പാ പറഞ്ഞിരുന്ന 'പുറപ്പാടിന്റെ' സഭയാകാനുള്ള ക്ഷണം: ചരിത്രത്തിൽ ജന്മമെടുത്ത, തന്റെ നിയോഗത്തിനായി എപ്പോഴും തയ്യാറായിരിക്കുന്ന ഒരു സഭ. ഈ സഭയിൽ, മിഷനറി ശിഷ്യരാകാൻ, സുവിശേഷത്തിന്റെ അപ്പസ്തോലരാകാൻ, ദൈവരാജ്യത്തിന്റെ സാക്ഷികളാകാൻ, നാം കണ്ടുമുട്ടിയ ക്രിസ്തുവിന്റെ സന്തോഷത്തിന്റെ വാഹകരാകാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു!

## ആർച്ച്ബിഷപ്പ്
## സാറയ്ക്കു സ്വീകരണം

സഭകൾക്കുള്ളിലെ ഭിന്നതകൾ സുവിശേഷം പ്രഘോഷിക്കുന്നതിനു തടസമാകാതിരിക്കട്ടെയെന്ന് ലിയോ പതിനാലാമൻ മാർപാപ്പാ. കാന്റർബറി ആർച്ച്ബിഷപ്പ് ആയി തിരഞ്ഞെടുക്കപ്പെട്ട, സാറ മുള്ളാലിയെ വത്തിക്കാനിൽ സ്വീകരിക്കവേ 'ക്രിസ്തുവിൽ നാമെല്ലാവരും ഒന്നാണ് ' എന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ പാപ്പാ ഉദ്ധരിച്ചു. ഉയിർപ്പുകാലത്തിന്റെ സന്തോഷം നിറഞ്ഞു നിൽക്കുന്ന അവസരത്തിൽ, കാന്റർബറി



ആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട, സാറ മുള്ളാലിയുടെ നേതൃത്വത്തിലുള്ള ആംഗ്ലിക്കൻ സഭയുടെ പ്രതിനിധികൾക്ക്, സ്വാഗതം ആശംസിച്ചുകൊണ്ടാണ് പാപ്പാ തന്റെ സന്ദേശം ആരംഭിച്ചത്. അറുപതു വർഷങ്ങൾക്ക് മുൻപ്, വിശുദ്ധ പോൾ ആറാമൻ പാപ്പായും, ആർച്ച് ബിഷപ്പ് മൈക്കൽ റാംസിയും തമ്മിലുള്ള അവിസ്മരണീയമായ കൂടിക്കാഴ്ചയും പാപ്പാ അനുസ്മരിച്ചു. ഈ പാരമ്പര്യം ഇന്നും തുടരുന്നതിൽ തനിക്കുള്ള സന്തോഷവും പാപ്പാ പ്രകടിപ്പിച്ചു. അറുപത് വർഷം മുമ്പ് സ്ഥാപിതമായ റോമിലെ ആംഗ്ലിക്കൻ സെന്ററിന്റെ ശുശ്രൂഷയോടു തനിക്കുള്ള നന്ദിയും പാപ്പാ എടുത്തു പറഞ്ഞു. ഈ ദിവസങ്ങളിലുടനീളം, ഉയിർത്തെഴുന്നേറ്റ ക്രിസ്തു പറഞ്ഞ ആദ്യത്തെ വാക്കുകൾ, 'നിങ്ങൾക്കു സമാധാനം ഉണ്ടാകട്ടെ', സഭയിലുടനീളം പ്രതിധ്വനിക്കുന്നുവെന്നും, ഈ അഭിവാദ്യം കർത്താവിന്റെ സമാധാന ദാനം സ്വീകരിക്കാൻ മാത്രമല്ല, അവിടുത്തെ സമാധാനത്തിന്റെ സന്ദേശവാഹകരാകാനും നമ്മെ ക്ഷണിക്കുന്നുവെന്നും പാപ്പാ പറഞ്ഞു. കർത്താവിന്റെ സമാധാനം നിരായുധമാണെന്നും, അതിനാൽ, ക്രിസ്ത്യാനികൾ ഈ യാഥാർത്ഥ്യത്തിന് പ്രവചനാത്മകവും എളിമയുള്ളതുമായ സാക്ഷ്യം വഹിക്കണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു. സൗഹൃദത്തിലും സംഭാഷണത്തിലും ഒരുമിച്ച് യാത്ര ചെയ്യുമ്പോൾ, പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെയെന്നു പ്രാർത്ഥിക്കുവാൻ പാപ്പാ ആഹ്വാനം ചെയ്തു.

**ഐശ്വര്യത്തിന്റെ ആവശ്യകത**

കഷ്ടപ്പാടുകളുള്ള ലോകത്തിന് ക്രിസ്തുവിന്റെ സമാധാനം വളരെയധികം ആവശ്യമാണെങ്കിലും, ക്രിസ്ത്യാനികൾ തമ്മിലുള്ള ഭിന്നതകൾ ആ സമാധാനത്തിന്റെ ഫലപ്രദമായ വാഹകരാകാനുള്ള നമ്മുടെ കഴിവിനെ ദുർബലപ്പെടുത്തുന്നു. കൂടുതൽ ഫലപ്രദമായ സുവിശേഷവത്കരണത്തിനുവേണ്ടി ഐക്യത്തിന്റെ ആവശ്യകതയും പാപ്പാ ആവശ്യപ്പെട്ടു. എക്യുമെനിക്കൽ യാത്ര സങ്കീർണ്ണമാണെന്നും, ചരിത്രപരമായി ഭിന്നിപ്പിക്കുന്ന ചില വിഷയങ്ങളിൽ വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, സമീപ ദശകങ്ങളിൽ പുതിയ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട് എന്നത് യാഥാർഥ്യമാണെന്നും എടുത്തുപറഞ്ഞ പാപ്പാ, പൂർണ്ണമായ കൂട്ടായ്മയിലേക്കുള്ള പാത തിരിച്ചറിയാൻ കൂടുതൽ ബുദ്ധിമുട്ടാണെന്നും കൂട്ടിച്ചേർത്തു. എന്നാൽ, ക്രിസ്തുവിനെ ലോകത്തോട് ഒരുമിച്ച് പ്രഘോഷിക്കാനുള്ള എല്ലാ അവസരങ്ങളും ഉപയോഗിക്കുന്നതിൽ ഈ വെല്ലുവിളികൾ തടസ്സമാകരുതെന്ന് ഓർമ്മിപ്പിച്ചു.




**ചെർണോബിൽ ദുരന്തസ്മരണ**

ആണവോർജ്ജം മനുഷ്യരാശിയുടെ സുസ്ഥിതിക്കും അഭിവൃദ്ധിക്കും വേണ്ടി പ്രയോജനപ്പെടുത്താൻ ലോകം പ്രതിജ്ഞാബദ്ധമാകണമെന്ന് ലിയോ പതിനാലാമൻ മാർപാപ്പാ. ചെർണോബിൽ ആണവദുരന്തത്തിന്റെ നാൽപ്പതാം അനുസ്മരണ വാർഷികദിനത്തിൽ ദുരന്തത്തിൽ ജീവൻ നഷ്ട്ടപെട്ടവരെയും ഇപ്പോഴും അനന്തരഫലങ്ങളാൽ കഷ്ടപ്പെടുന്നവരെയും ദൈവകരുണയിൽ ഭരമേല്പിച്ച പാപ്പാ, വർദ്ധിച്ചുവരുന്ന ശക്തമായ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിൽ അന്തർലീനമായ അപകടസാധ്യതകളെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പാണ് ഈ ദുരന്തമെന്ന് ഓർമ്മിപ്പിച്ചു. ഏപ്രിൽ മാസം ഇരുപത്തിയാറാം തീയതി, നടന്ന മധ്യാഹ്ന പ്രാർത്ഥനാ വേളയിലാണ് പാപ്പാ ഇക്കാര്യം എടുത്തു പറഞ്ഞത്. മനുഷ്യമനഃസാക്ഷിയിൽ വേദനയുടെ മായാത്ത മുദ്ര പതിപ്പിച്ച ഈ ആണവ ദുരന്തം, വർദ്ധിച്ചു വരുന്ന ശക്തമായ സാങ്കേതികവിദ്യകളുടെ ഉപയോഗത്തിൽ, അന്തർലീനമായ അപകടസാധ്യതകളെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പാണ്. 'ഇരകളെയും ഇപ്പോഴും അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുന്നവരെയും ദൈവത്തിന്റെ കരുണയിൽ ഭരമേൽപ്പിക്കാം'– പാപ്പാ പറഞ്ഞു.ആണവോർജ്ജത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലുമുള്ള തീരുമാനങ്ങളിൽ, വിവേചനവും ഉത്തരവാദിത്വവും ഉണ്ടാകണം. സമാധാനത്തിനും മനുഷ്യരാശിയുടെ പുരോഗതിക്കും അവ കാരണമായിത്തീരട്ടെ. 986 ഏപ്രിൽ 26 ന്, ഉക്രെയ്നിലെ കൈവിൽ നിന്ന് ഏകദേശം 90 കിലോമീറ്റർ വടക്ക് സ്ഥിതി ചെയ്യുന്ന സോവിയറ്റ് നിയന്ത്രണത്തിലുള്ള ചെർണോബിൽ ആണവ നിലയത്തിലാണ് ഈ ദുരന്തം സംഭവിച്ചത്. സുരക്ഷാ പരിശോധനയ്ക്കിടെ റിയാക്ടറിന്റെ രൂപകൽപ്പനയിലെ പിഴവുകളും ജീവനക്കാരുടെ അശ്രദ്ധയും മൂലം ഉണ്ടായതെന്ന് കരുതപ്പെടുന്ന ആണവ റിയാക്ടറിലെ പൊട്ടിത്തെറിയും തീപിടുത്തവും മൂലം മുപ്പതോളം പേർ തത്ക്ഷണം മരണപെട്ടു. റേഡിയേഷൻ ബാധ മൂലം തുടർന്നുള്ള വർഷങ്ങളിൽ 15,000 പേർ കൂടി മരിച്ചു. ആയിരക്കണക്കിന് ആളുകൾ വികിരണത്തെ തുടർന്ന് ക്യാൻസർ പോലുള്ള രോഗങ്ങൾക്കിരയായി; ഏകദേശം 3.5 ലക്ഷം ആളുകൾ ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് ഒഴിപ്പിക്കപ്പെട്ടു. ❍



# ആഫ്രിക്കയുടെ ഹൃദയംകവർന്ന് ലെയോ പാപ്പ

SPECIAL REPORT

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ



**വത്തിക്കാൻ സിറ്റി :** ലിയോ പതിനാലാമൻ പാപ്പായുടെ മൂന്നാമത്തേതും, ആഫ്രിക്കയിലേക്കുള്ള ഒന്നാമത്തേതുമായ അപ്പസ്തോലിക യാത്ര ലോക രാഷ്ട്രങ്ങളുടെ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റി. അൽജീരിയ, കാമറൂൺ, അംഗോള, ഇക്വറ്റോറിയൽ ഗിനി എന്നീ രാജ്യങ്ങളിലെ രാഷ്ട്ര, സാമൂഹിക, മത നേതൃത്വങ്ങൾക്ക്, ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഉദ്ബോധനങ്ങളും സാക്ഷ്യവും, അവിടുത്തെ യുവജനങ്ങളുൾപ്പെടെയുള്ള സമൂഹത്തിന് മൂല്യാധിഷ്ഠിതജീവിതത്തിനുള്ള പ്രചോദനങ്ങളും നൽകിയ ശേഷമാണ് പത്രോസിന്റെ പിൻഗാമി വത്തിക്കാനിലേക്ക് മടങ്ങിയത്. ഏപ്രിൽ 13 മുതലായിരുന്നു ലിയോ മാർപാപ്പയുടെ 11 ദിവസം നീണ്ടുനിന്ന പ്രഥമ ആഫ്രിക്കൻ പര്യടനം. ആഫ്രിക്കൻ ജനതയുടെ ജീവിതസാഹചര്യങ്ങൾ അടുത്തറിയുന്നതിനും, സംഘർഷഭരിതമായ മേഖലകളിൽ സമാധാനം ലക്ഷ്യമിട്ടായിരുന്നു ഈ അപ്പസ്തോലിക യാത്ര. യുദ്ധം തകർത്ത മേഖലകളിലെ ജനങ്ങളെ ആശ്വസിപ്പിക്കാനും, ദാരിദ്ര്യത്തിനും അഴിമതിക്കുമെതിരെ പോരാടാൻ ഭരണാധികാരികളെ ആഹ്വാനം ചെയ്യാനും സന്ദർശനവേളയിൽ മാർപാപ്പ

സമയം കണ്ടെത്തി. വിവിധ രാജ്യങ്ങളിൽ നടന്ന വിശുദ്ധ കുർബാനകളിലും പൊതുസമ്മേളനങ്ങളിലും പങ്കെടുത്തു. ആഫ്രിക്കയുടെ ഭാവി യുവാക്കളുടെ കൈകളിലാണെന്നും അവർക്ക് മികച്ച അവസരങ്ങൾ ഒരുക്കണമെന്നും പാപ്പാ ഓർമിപ്പിച്ചു. നാല് രാജ്യങ്ങളിലെ വിവിധ നഗരങ്ങളിൽ നടന്ന പരിപാടികളിൽ ലക്ഷക്കണക്കിന് വിശ്വാസികളാണ് മാർപാപ്പയെ നേരിൽ കാണാനായി എത്തിയത്. ഓരോ രാജ്യത്തും ആവേശകരമായ സ്വീകരണം മാർപാപ്പയ്ക്ക് ലഭിച്ചു. സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ അൾജീരിയയിലെത്തിയ മാർപാപ്പ, അവിടെയുള്ള ക്രൈസ്തവ ന്യൂനപക്ഷങ്ങളുമായി സംവദിക്കുകയും മതസൗഹാർദ്ദത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തു. സംഘർഷഭരിതമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന കാമറൂണിൽ സമാധാനത്തിന്റെ അംബാസഡറായാണ് പാപ്പാ എത്തിയത്. അക്രമങ്ങൾ വെടിഞ്ഞ് ഐക്യത്തോടെ മുന്നേറാൻ ആഹ്വാനം ചെയ്തു. അംഗോളയിലെ ലുവാണ്ടയിൽ നടന്ന വൻ പൊതുസമ്മേളനത്തിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ വികസനത്തിന് അഴിമതിവിമുക്തമായ ഭരണകൂടങ്ങൾ അനിവാര്യമാണെന്ന് പാപ്പാ ഓർമിപ്പിച്ചു. സന്ദർശനത്തിന്റെ അവസാന പാദത്തിൽ ഇക്വറ്റോറിയൽ ഗിനിയയിലെത്തിയ പാപ്പാ ദരിദ്രരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ചേർത്തുപിടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് സംസാരിച്ചത്.



## അൾജീരിയയിൽ

അൾജീരിയ സന്ദർശിക്കുന്ന ആദ്യ പാപ്പാക്കൂടിയായ ലിയോ പതിനാലാമൻ പാപ്പായുടെ അപ്പസ്തോലികയാത്രയുടെ ആദ്യദിനത്തിൽ ഉച്ചകഴിഞ്ഞായിരുന്നു രാജ്യത്തെ ക്രൈസ്തവരുൾപ്പെടെയുള്ള പൊതുസമൂഹവുമായുള്ള കൂടിക്കാഴ്ച. 'അവർ ലേഡി ഓഫ് ആഫ്രിക്ക' എന്ന പേരിൽ അറിയപ്പെടുന്ന, അൾജിയേഴ്സ് നഗരത്തിൽത്തന്നെയുള്ള ബസലിക്കയിൽ വച്ചായിരുന്നു ഈ കൂടിക്കാഴ്ച. ഇതിനു മുൻപായി, പരിശുദ്ധ പിതാവ് അൾജിയേഴ്സ് നഗരത്തിൽത്തന്നെയുള്ള വലിയ മോസ്കും, ബാബ് എൽ ക്വെദിലുള്ള അഗസ്റ്റീനിയൻ സന്ന്യാസിനികളുടെ മഠവും സന്ദർശിച്ചു. ലോകത്തിലെ തന്നെ ഏറ്റവും വലിയ മോസ്കുകളായ മെക്കയ്ക്കും മെദീനയ്ക്കും ശേഷമുള്ള പ്രാർത്ഥനാലയമാണ് അൾജിയേഴ്സ് നഗരത്തിലുള്ള വലിയ മോസ്ക്. രാജ്യത്തിന്റെ മുൻ പ്രസിഡന്റ് അബ്ദുൽഅസീസ് ബൂത്തെഫ്ലിക്കയുടെ നിർദ്ദേശപ്രകാരം പണിചെയ്യപ്പെട്ടതാണ്. ഏതാണ്ട് ഒരുലക്ഷത്തി ഇരുപതിനായിരത്തോളം ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്നത്ര വലുതാണ് ഇത്. മോസ്കിന്റെ ഭാഗമായി ലൈബ്രറി, ഗാർഡൻ, ഗവേഷണസ്ഥാപനം, മ്യൂസിയം, ഭക്ഷണശാലകൾ തുടങ്ങിയവയുമുണ്ട്. മോസ്കിലെത്തിയ പാപ്പായെ റെക്ടർ മുഹമ്മദ് മമൂൻ അൽ ഖാസിമി സ്വീകരിച്ചു. തുടർന്ന്



നടന്ന സ്വകാര്യകൂടിക്കാഴ്ചയിൽ മതാന്തര സംവാദങ്ങൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററി അധ്യക്ഷൻ കർദ്ദിനാൾ ജോർജ് കൂവക്കാട്, അൾജിയേഴ്സ് അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ഷാൻ പോൾ വെസ്കോ തുടങ്ങിയവരും സന്നിഹിതരായിരുന്നു. തുടർന്ന് മോസ്ക് സന്ദർശിച്ച പാപ്പാ അവിടെ മൗനമായി അൽപസമയം ചെലവഴിച്ചു.'അത്യുന്നതന്റെ കാരുണ്യം അൾജീരിയൻ ജനതയെ സമാധാനത്തിലും സ്വാതന്ത്ര്യത്തിലും കാത്തുസൂക്ഷിക്കട്ടെ'യെന്ന് പാപ്പാ ഡയറിയിൽ എഴുതി. വലിയ മോസ്കിലെ സന്ദർശനം അവസാനിച്ചശേഷം അവിടെനിന്ന് പതിനാറ് കിലോമീറ്ററുകൾ അകലെ ബാബ് എൽ ക്വെദിലുള്ള അഗസ്റ്റീനിയൻ സന്ന്യാസിനികളുടെ മഠം സന്ദർശിക്കാനായി പാപ്പാ കാറിൽ യാത്രയായി. ക്രൈസ്തവസാക്ഷ്യം നൽകിക്കൊണ്ട്, 1994-നും 1996-നും ഇടയിൽ കൊല്ലപ്പെട്ട പത്തൊൻപത് രക്തസാക്ഷികളിൽ ഉൾപ്പെട്ട രണ്ട് അഗസ്റ്റീനിയൻ സന്ന്യസ്തകൾക്ക് ഉപചാരമർപ്പിക്കാൻ കൂടിയാണ് പാപ്പാ ഇവിടേക്ക് എത്തിയത്. വിശുദ്ധബലിയർപ്പണത്തിൽ പങ്കെടുക്കാനായി പോകുമ്പോൾ, ഒരു സായുധ ഇസ്ലാമിക തീവ്രവാദഗ്രൂപ്പിലെ ആളുകൾ 1994 ഒക്ടോബർ 23-നാണ് ഈ രണ്ടു സിസ്റ്റർമാരെ വധിച്ചത്.കുട്ടികൾക്ക് വിദ്യാഭ്യാസസഹായം, യുവാക്കൾക്കും മുതിർന്നവർക്കും ഫ്രഞ്ച്, സ്പാനിഷ് ഭാഷാ ക്ളാസുകൾ, സ്ത്രീകൾക്കായി തയ്യൽ, ആഭരണനിർമ്മാണം, ചിത്രരചന തുടങ്ങിയ വർക്ക്ഷോപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവിടെയുള്ള സഹോദരിമാർ ചെയ്യുന്നത്. സമൂഹാംഗങ്ങളുമായുള്ള സൗഹൃദസംഭാഷണത്തിൽ, രക്തസാക്ഷിത്വത്തിന് പോലും തയ്യാറാകുന്നത്ര ആഴമേറിയ അവരുടെ ക്രൈസ്തവസാക്ഷ്യത്തിന്റെ പ്രാധാന്യം പാപ്പാ പ്രത്യേകം പരാമർശിച്ചു. അഗസ്റ്റീനിയൻ സന്ന്യാസിനിമാരുമൊത്തുള്ള കൂടിക്കാഴ്ച്ക്ക് ശേഷം അവിടെനിന്ന് ഒന്നേകാൽ കിലോമീറ്ററുകൾ അകലെ, മാതാവിന്റെ നാമധേയത്തിലുള്ള ബസലിക്കയിലേക്ക് പാപ്പാ യാത്രയായി. ബൈസ





ന്റെൻ ശൈലിയിൽ, 124 മീറ്റർ ഉയരമുള്ള ഈ ദേവാലയത്തിന്റെ നിർമ്മാണം 1858–ലാണ് ആരംഭിച്ചത്. 1872–ൽ പണിതീർന്ന ബസലിക്ക 2003–ൽ ഉണ്ടായ വലിയ ഭൂകമ്പത്തിൽ തകർന്നിരുന്നു. ഏതാണ്ട് ഏഴ് വർഷങ്ങൾ നീണ്ട പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ശേഷമാണ് ദേവാലയം ഇന്നത്തെ നിലയിലേക്ക് എത്തിയത്. ബസലിക്കയിലെത്തിയ പാപ്പായെ അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ഷാൻ പോൾ വെസ്കോയും, റെക്ടർ ഫാ. പീറ്റർ ക്ലാവേർ കോഗ്നം ചേർന്ന് സ്വീകരിച്ചു. തുടർന്ന് നടന്ന പ്രാർത്ഥനാച്ചടങ്ങിൽ ദിവ്യകാരുണ്യ ആരാധനയും, ഗാനാലാപനങ്ങളും വിവിധ സാക്ഷ്യങ്ങളും ഉണ്ടായിരുന്നു. പരിശുദ്ധ പിതാവിനെ സ്വാഗതം ചെയ്ത് സംസാരിച്ചത് അതിരൂപതാദ്ധ്യക്ഷനാണ്. പിന്നീട് പരിശുദ്ധ പിതാവ് തന്റെ പ്രഭാഷണം നടത്തി. ആശീർവാദത്തിനും ഗാനാലാപനത്തിനും ശേഷം പരിശുദ്ധ പിതാവ് കടലിൽ മുങ്ങി മരിച്ചവർക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന സ്മാരകത്തിനരികിലെത്തി. ഏവരെയും ആശീർവദിച്ചുകൊണ്ട് ബസലിക്കയ്ക്ക് പുറത്തെത്തിയ പാപ്പാ, തൊട്ടടുത്തുള്ള അപ്പസ്തോലിക നൂൺഷ്യേച്ചറിലേക്ക് നടന്നെത്തി. അവിടെ അൾജീരിയയിലെ മെത്രാന്മാരുമായി സ്വകാര്യകൂടിക്കാഴ്ച നടത്തി.

## മഴയും കാറ്റും വകവയ്ക്കാതെ

പിറ്റേന്ന് അൾജിയേഴ്സ് വിമാനത്താവളത്തിലേക്ക് കാറിൽ എത്തിയ പാപ്പാ, അവിടെനിന്ന് ഏതാണ്ട് 440 കിലോമീറ്ററുകൾ യാത്രചെയ്ത് പത്തരയോടെ അന്നാബായിലെത്തി. അഗസ്റ്റീനിയൻ സഭാംഗം കൂടിയായ പാപ്പാ ഇതിന് മുൻപ് 2004–ലും 2013–ലും വിശുദ്ധ അഗസ്റ്റിൻ ഏറെനാൾ ജീവിച്ചിരുന്നതും ഹിപ്പോണ എന്ന പേരിൽ മുൻപ് അറിയപ്പെട്ടിരുന്നതുമായ ഈ പുരാതനനഗരത്തിൽ എത്തിയിട്ടുണ്ട്. കനത്ത മഴയ്ക്കും കാറ്റിനുമിടയിലും ഏറെപ്പേർ കാത്തുനിന്നിരുന്നു. ഹിപ്പോണയുടെ പുരാതന അവശിഷ്ടങ്ങൾ നിലനിൽക്കുന്ന ഇടമായിരുന്നു പാപ്പാ



ആദ്യം സന്ദർശിച്ചത്. വിശുദ്ധ അഗസ്റ്റിൻ ശുശ്രൂഷ നിർവ്വഹിച്ചിരുന്ന ബസലിക്ക നിലനിന്നിരുന്ന ഇടത്തുകൂടി നടന്ന പാപ്പാ, അവിടെ പൂക്കൾ സമർപ്പിക്കുകയും മൗനമായി പ്രാർത്ഥിക്കുകയും ചെയ്തു. പുരാതന ക്രൈസ്തവസമൂഹത്തിന്റെയും വിശുദ്ധ അഗസ്റ്റിന്റെയും സ്മരണയുണർത്തുന്ന ഇടത്തുനിന്ന് രണ്ട് കിലോമീറ്ററുകൾ അകലെ 'പാവപ്പെട്ടവരുടെ കൊച്ചുസഹോദരിമാർ' എന്ന പൊന്തിഫിക്കൽ സമൂഹത്തിലെ സന്ന്യാസിനിമാർ വസിക്കുന്ന ഭവനത്തിലേക്ക് പാപ്പാ കാറിൽ യാത്രയായി. അഞ്ച് സന്ന്യസ്തകളുടെ നിത്യവ്രതാരംഭച്ചടങ്ങിൽ സംബന്ധിച്ചു. സ്ത്രീകളും പുരുഷന്മാരുമായി നാൽപ്പതോളം ആളുകൾ ഈ ഭവനത്തിലുണ്ട്. അവരിൽ ഭൂരിഭാഗവും ഇസ്ലാം മതവിശ്വാസികളാണ്.പാപ്പായെ, സുപ്പീരിയർ സി. ഫിലോമിന പീറ്ററും സമൂഹവും ചേർന്ന് സ്വീകരിച്ചു. സ്വാഗതവാക്കുകൾക്കും, അൾജീരിയയുടെ മുൻ മെത്രാൻ ആർച്ച്ബിഷപ് പോൾ ദെഫാർഷെസിന്റെയും, ഒരു ഇസ്ലാം മതവിശ്വാസിയുടെയും സാക്ഷ്യത്തിനും സംഗീതത്തിനും ശേഷം പാപ്പാ ഏവരെയും അഭിസംബോധന ചെയ്തു.

**മോണോഗോമോയിലെ ബസിലിക്കയിൽ**

ഏപ്രിൽ 22 നാണ് ഇക്വറ്റോറിയൽ ഗിനിയിലെ മലബോയിൽനിന്ന് 322 കിലോമീറ്ററുകൾ അകലെയുള്ള മോണോഗാമോയിൽ അമലോത്ഭവമാതാവിന്റെ പേരിലുള്ള ബസലിക്ക ദേവാലയത്തിൽ പാപ്പാ വിശുദ്ധബലിയർപ്പിച്ചത്. ഗാബോൺ അതിർത്തിയോടടുത്തുള്ള മോണോഗാമോ നഗരം തൊണ്ണൂറുകളിൽ വരെ ഒരു സാധാരണ വനപ്രദേശനഗരം മാത്രമായിരുന്നു. എന്നാൽ തൊണ്ണൂറുകളിൽ പെട്രോൾഖനികളുമായി ബന്ധപ്പെട്ട കണ്ടുപിടുത്തങ്ങളോടെ പ്രദേശത്തിന് ഏറെ വികസനം കൈവന്നു. ഫാങ് ജനതയാണ് ഇവിടെ കൂടുതലായുള്ളത്.വലി




ഷത്തിൽ മദ്ധ്യആഫ്രിക്കയിലെ ഒന്നാമത്തേതും, ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ രണ്ടാമത്തേതുമായ മതസമുച്ചയമാണ് മോണോഗാമോയിൽ അമലോത്ഭവ മാതാവിന്റെ പേരിലുള്ള ബസലിക്ക.വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസലിക്കയുടെ ഘടനയിൽനിന്ന് പ്രേരണയുൾക്കൊണ്ട് നിർമ്മിക്കപ്പെട്ട ഈ ദേവാലയം, 2011 ഡിസംബർ 7-നാണ് മൈനർ ബസലിക്കയായി കൂദാശ ചെയ്യപ്പെട്ടത്. ഫ്രാൻസിസ് പാപ്പാ 2017 ഏപ്രിൽ 1-ന് മോണോഗാമോയെ രൂപതയാക്കി ഉയർത്തിയതോടെ ഈ ആരാധനാലയത്തിന് കൂടുതൽ പ്രാധാന്യം കൈവന്നു. പാപ്പാ തുറന്ന വാഹനത്തിൽ ആളുകൾക്കിടയിലൂടെ സഞ്ചരിക്കുകയും പത്തരയോടെ ഏതാണ്ട് ഒരു ലക്ഷത്തോളം ആളുകളുടെ പങ്കാളിത്തത്തോടെ വിശുദ്ധബലിയർപ്പിക്കുകയും ചെയ്തു. വിശുദ്ധ ബലിമദ്ധ്യേ വായിക്കപ്പെട്ട വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായം മുപ്പത്തിയഞ്ചുമുതൽ നാൽപ്പതുവരെയുള്ള തിരുവചനഭാഗത്ത്, തന്റെ പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് നിത്യജീവനുണ്ടാകണമെന്ന പിതാവിന്റെ ഇഷ്ടത്തെക്കുറിച്ച് പ്രതിപാദിക്കുന്ന യേശുവിന്റെ വചസ്സുകളെ അധികരിച്ച് പാപ്പാ വചനസന്ദേശം നൽകി. വിശുദ്ധബലിയുടെ അവസാനം മോണോഗാമോ രൂപതാധ്യക്ഷൻ ബിഷപ് ഹുവാൻ ദൊമിങ്കോ-ബേക്ക എസോണോ അയാങ് നന്ദി പറഞ്ഞ് സംസാരിച്ചു. തുടർന്ന് ബസലിക്കയ്ക്ക് പുറത്തെത്തിയ പാപ്പാ, 'സമാധാനത്തിന്റെ നഗരം' എന്ന പുതിയ തലസ്ഥാനനഗരിയിൽ പണിചെയ്യപ്പെടാനുള്ള കത്തീഡ്രൽ ദേവാലയത്തിന്റെ മൂലക്കല്ല് ആശീർവദിച്ചു.

## ഫ്രാൻസിസ് പാപ്പായുടെ ഓർമ്മയ്ക്കായി

മോണോഗാമോ ബസലിക്കയിൽ വിശുദ്ധബലിയർപ്പിച്ച ശേഷം ഫ്രാൻസിസ് പാപ്പായുടെ പേരിലുള്ള 'സാങ്കേതികപരിശീലനകേന്ദ്രം' പാപ്പാ സന്ദർശിച്ചു. തുടർന്ന് തൊട്ടടുത്തുള്ള അതിരൂപതാമന്ദിരത്തിലേക്ക് പോവുകയും ഒരുമണിയോടെ ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തു. ബാത്ത എന്ന തീരദേശനഗരത്തിലുള്ള ജയിൽ സന്ദശിക്കാനായി രണ്ടരയോടെ മോണോഗാമോയിലെ രൂപതമന്ദിരത്തിൽനിന്ന് ഏതാണ്ട് മുപ്പത്തിയേഴ് കിലോമീറ്ററുകൾ അകലെയുള്ള അന്താ

രാഷ്ട്രവിമാനത്താവളത്തിലേക്ക് പാപ്പാ കാറിൽ യാത്രയായി. അവിടെനിന്ന് മൂന്നേകാലോടെ വിമാനയാത്ര ആരംഭിച്ച പാപ്പാ ഏതാണ്ട് 138 കിലോമീറ്ററുകൾ സഞ്ചരിച്ച് നാലുമണിയോടെ ബാത്തയിലെത്തി. ബാത്തയിലെ ജയിൽ സന്ദർശിക്കാനായി കാറിൽ യാത്ര തിരിച്ച പാപ്പാ, ഇടയ്ക്ക്, വിശുദ്ധ യാക്കോബിന്റെയും പിലാർ മാതാവിന്റെയും പേരിലുള്ള കത്തീഡ്രൽ ദേവാലയത്തിൽ പ്രവേശിക്കുകയും, വിശുദ്ധ കുർബാനയ്ക്ക് മുന്നിൽ അൽപസമയം ആരാധനയിൽ ചെലവഴിക്കുകയും ചെയ്തു. 1951–ൽ പണിയാരംഭിച്ച് 1954 ഡിസംബർ 8–ന് പണി പൂർത്തിയായ ഈ ദേവാലയം ദേശീയ പൈതൃകനിരയിൽപ്പെട്ടതാണ്. കഠിനതടവിന് വിധിക്കപ്പെട്ടവർ താമസിക്കുന്നതും, പലപ്പോഴും വിവാദപരമായ കേസുകളുമായി ബന്ധപ്പെട്ട് വാർത്തയിൽ വന്നതുമായ ബാത്ത ജയിലിന് മുന്നിലെത്തിയ പാപ്പായെ, നീതിന്യായവകുപ്പ്മന്ത്രി റെജിനാൾദോ ബിയോഗോ മ്പാ ന്ദോങ് അംഗ്വേസോമോയും ജയിൽ ഡയറക്ടറും ജയിൽ ചാപ്ലൈനും ചേർന്ന് സ്വീകരിച്ചു. തുടർന്നുനടന്ന സമ്മേളനത്തിൽ ഗാനാലാപനങ്ങൾ, ഡയറക്ടറുടെ സ്വാഗതം, ഒരു തടവുപുള്ളിയുടെ സാക്ഷ്യം എന്നിവയ്ക്ക് ശേഷം പാപ്പാ പ്രഭാഷണം നടത്തി. തുടർന്ന് ചാപ്ലയിൻ പാപ്പായ്ക്ക് നന്ദി പറഞ്ഞു, ജയിൽപ്പുള്ളികൾ നിർമ്മിച്ച ഒരു തടിക്കുരിശ് സമ്മാനമായി നൽകപ്പെട്ടു. തുടർന്ന് നടന്ന പ്രാർത്ഥനയ്ക്ക് ശേഷം പാപ്പാ ഏവർക്കും ആശീർവാദം നൽകി. ജയിൽ സന്ദർശനത്തിന് ശേഷം, ബാത്ത ജില്ലയിൽ, 2021 മാർച്ച് 7–ന് ഒരു മിലിട്ടറി കേന്ദ്രത്തിൽ നടന്ന വൻ സ്ഫോടനത്തിൽ കൊല്ലപ്പെട്ട നൂറിലധികം പേരുടെയും, പരിക്കേറ്റ അറുനൂറിലധികം ആളുകളുടെയും പേരിലുള്ള സ്മാരകവും പാപ്പാ സന്ദർശിച്ചു. സ്മാരകത്തിലെത്തിയ പാപ്പായെ പ്രതിരോധമന്ത്രിയും സ്മാരകം ഡയറക്ടറും ചേർന്ന് സ്വീകരിച്ചു. തുടർന്ന് നടന്ന ഔദ്യോഗികബഹുമതിച്ചടങ്ങുകൾക്ക് ശേഷം പാപ്പാ സ്മാരകത്തിൽ പൂക്കൾ സമർപ്പിക്കുകയും അപകടത്തിൽ കൊല്ലപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**യുവജനങ്ങൾക്കൊപ്പം**

ബാത്ത സ്ഫോടനസ്മാരകത്തിലെ സന്ദർശനത്തിന് ശേഷം അവിടെനിന്ന് അഞ്ചേകാൽ കിലോമീറ്ററുകൾ അകലെയുള്ള ബാത്ത സ്റ്റേഡിയത്തിലേക്ക്, പ്രദേശത്തെ യുവജനങ്ങളും കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്കായി പാപ്പാ കാറിൽ യാത്ര








യായി. ആറുമണിയോടെ അവിടെയെത്തിയ പാപ്പാ തുറന്ന വാഹനത്തിൽ ആളുകൾക്കിടയിലൂടെ സഞ്ചരിക്കുകയും ആറേകാലോടെ സമ്മേളനം ആരംഭിക്കുകയും ചെയ്തു. ബാത്ത രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ബിഷപ് മിഗെൽ ആംഹെൽ ങ്ഗ്വേമ ബീ പാപ്പായെ സ്വാഗതം ചെയ്ത് സംസാരിച്ചു. പരമ്പരാഗതനൃത്തങ്ങളുടെയും ഗാനാലാപനങ്ങളുടെയും യുവജനങ്ങളുടെ സാക്ഷ്യങ്ങളുടെയും ശേഷം പാപ്പാ പ്രഭാഷണം നടത്തി. തുടർന്ന് ഏവരും വിശ്വാസപ്രമാണം ചൊല്ലി. പ്രാർത്ഥനയ്ക്ക് ശേഷം പാപ്പാ ഏവർക്കും ആശീർവാദം നൽകി. ഊർജ്ജസ്വലവും, യുവത്വം തുളുമ്പുന്നതുമാണ് ഇക്വറ്റോറിയൽ ഗിനിയ എന്നതിനു സാക്ഷ്യം പകരുന്നതാണ് സ്റ്റേഡിയത്തിൽ കാണുന്ന അനേകായിരം യുവജനങ്ങൾ എന്ന കാര്യം എടുത്തു പറഞ്ഞുകൊണ്ടാണ് പാപ്പാ, തന്റെ സന്ദേശം ആരംഭിച്ചത്. ചരിത്രവും പാരമ്പര്യവും കൊണ്ട് സമ്പന്നമാണ് ഇക്വറ്റോറിയൽ ഗിനിയയെന്നും, സേവനം, ഐക്യം, ആതിഥ്യമര്യാദ, വിശ്വാസം, ആഘോഷം തുടങ്ങിയ പുരാതനവും ശ്രേഷ്ഠവുമായ മൂല്യങ്ങളെ മുറുകെ പിടിക്കുന്ന ജനതയാണ് ഇവിടെ ഉള്ളതെന്നും പാപ്പാ എടുത്തു പറഞ്ഞു. അതിനാൽ മാനവകുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിലും, ദൈവത്തിന്റെ മക്കളെന്ന നിലയിലും, രാജ്യത്തെ എല്ലാ ആളുകളുടെയും അന്തസ്സിനെ ബഹുമാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ, പാപ്പാ, വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ആഹ്വാനം ചെയ്തു.

## ദൈവവിളിയുടെ പ്രാധാന്യം

തുടർന്ന് സാക്ഷ്യങ്ങൾ പങ്കുവച്ച യുവജനങ്ങളുടെ വാക്കുകളുടെ അടിസ്ഥാനത്തിൽ പാപ്പാ സംസാരിച്ചു. ഒരാളുടെ കടമകളോട് വിശ്വസ്തത പുലർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ദൈനംദിന ജോലികളിലൂടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി സംഭാവന ചെയ്യേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് അലീഷ്യയുടെ വാക്കുകൾ അടിവരയിട്ടുകൊണ്ട്, ക്രിസ്ത്യാനിയായിരിക്കുക എന്നതിനർത്ഥം വിശുദ്ധ കുർബാനയുടെ ആഘോഷത്തിൽ പങ്കെടുക്കുക മാത്രമല്ല, മാന്യതയോടെ പ്രവർത്തിക്കുകയും എല്ലാവരോടും ബഹുമാനത്തോടെ പെരുമാറുകയും ചെയ്യുക എന്നതുമാണെന്നും പാപ്പാ പറഞ്ഞു. ദൈവവിളിയുടെ പ്രാധാന്യവും പാപ്പാ എടുത്തു പറഞ്ഞു. ദൈവത്തിന് നൽകിയ ജീവിതം സന്തോഷത്തിന്റെ



ഒന്നാണെങ്കിലും, പ്രാർത്ഥനയിലൂടെയും കൂദാശകളിലൂടെയും, സഹോദരങ്ങൾക്കൊപ്പമുള്ള ജീവിതത്തിലൂടെയും അത് ഓരോ ദിവസവും നവമാക്കപ്പെടണമെന്നും പാപ്പാ പറഞ്ഞു. അതിനാൽ ക്രിസ്തുവിന്റെ വിളിയോട് പ്രത്യുത്തരിക്കുവാൻ ആരും ഭയപ്പെടരുതെന്നും പാപ്പാ ആഹ്വാനം ചെയ്തു. അതേസമയം ക്രിസ്തീയ വിവാഹത്തിന്റെ പ്രാധാന്യവും പാപ്പാ അനുസ്മരിച്ചു. ജീവിതപങ്കാളികളും മാതാപിതാക്കളും ആകുന്നത് ഒരു ദൗത്യവും, ദിവസേന ജീവിക്കേണ്ടുന്ന ഒരു ഉടമ്പടിയും ആണെന്ന് പറഞ്ഞ പാപ്പാ, സ്വാതന്ത്ര്യത്തിൽ വളരുന്ന യഥാർത്ഥ സ്നേഹത്തിന്റെ യാത്രയായി ഈ വിളിയെ സ്വീകരിക്കാൻ തയ്യാറാകണമെന്നും കൂട്ടിച്ചേർത്തു. കുടുംബത്തിന്റെ മൂല്യങ്ങൾ വളർത്തിയെടുക്കുകയും ജീവിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യാമെന്നും പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു. സ്നേഹത്തിന്റെ സാക്ഷികളായി തീരുവാനും പാപ്പാ ഏവരെയും ക്ഷണിച്ചു. ക്രൂശിക്കപ്പെടുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ക്രിസ്തു പ്രത്യാശ നിറഞ്ഞ ഒരു ഭാവിയിലേക്ക് നമ്മെയെല്ലാം നയിക്കുന്നതിന് കൂട്ടായ്മയിൽ മുൻപോട്ടു സഞ്ചരിക്കുവാനും പാപ്പാ ഏവരെയും പ്രോത്സാഹിപ്പിച്ചു. യുവജനങ്ങളും കുടുംബങ്ങളുമായുള്ള സമ്മേളനത്തിന് ശേഷം 14 കിലോമീറ്ററുകൾ അകലെയുള്ള ബാത്ത അന്താരാഷ്ട്രവിമാനത്താവളത്തിലേക്ക് വൈകുന്നേരം ഏഴരയോടെ കാറിലെത്തിയ പാപ്പാ, പ്രാദേശികഭരണനേതൃത്വത്തിന്റെ അഭിവാദ്യം സ്വീകരിച്ചശേഷം മലാബോയിലേക്ക് വിമാനത്തിൽ യാത്രയായി. 240 കിലോമീറ്ററുകൾ നീണ്ട ഈ യാത്ര ഏതാണ്ട് 50 മിനിറ്റുകൾ കൊണ്ട് പൂർത്തിയാക്കി എട്ടരയോടെ മലാബോ അന്തരാഷ്ട്രവിമാനത്താവളത്തിലെത്തിയ പാപ്പായെ പ്രാദേശികഭരണനേതൃത്വം സ്വീകരിച്ചു. തുടർന്ന് 11 കിലോമീറ്ററുകൾ അകലെയുള്ള അതിഥിമന്ദിരത്തിലേക്ക് കാറിൽ യാത്രയായ പാപ്പാ, അത്താഴം കഴിച്ചശേഷം വിശ്രമിച്ചു. ആഫ്രിക്കയിലേക്കുള്ള തന്റെ അപ്പസ്തോലികയാത്രയുടെ അവസാനദിനമായ ഏപ്രിൽ 23 വ്യാഴാഴ്ച രാവിലെ ഒമ്പതുമണിയോടെ അപ്പസ്തോലിക ന്യൂൺഷ്യേച്ചറിൽനിന്ന് യാത്ര പറഞ്ഞിറങ്ങിയ പാപ്പാ, ഒൻപതേകാലോടെ ആറ് കിലോമീറ്ററുകൾ അകലെയുള്ള മലാബോ സ്റ്റേഡിയത്തിലെത്തി. 2007-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ സ്റ്റേഡിയത്തിൽ വിവിധ കായികമത്സരങ്ങൾ നടക്കാറുണ്ടെങ്കിലും, ഇക്വറ്റോറിയൽ ഗിനിയുടെ ദേശീയ ഫുടബോൾ ടീമിന്റെ കളിക്കളമായാണ് ഇത് കണക്കാക്കപ്പെടുന്നത്.




## പാപ്പയുടെ പേരിൽ  യൂണിവേഴ്സിറ്റി കാമ്പസ്

മലാബോയിലെ 'ലിയോ പതിനാലാമൻ' യൂണിവേഴ്സിറ്റി കാമ്പസ് ഉദ്ഘാടന വും, രാജ്യത്തെ സാംസ്കാരികലോകവുമായുള്ള കണ്ടുമുട്ടലും ഒത്തുചേർന്ന സമ്മേ ളനത്തിൽ, തന്റെ പേര് യൂണിവേഴ്സിറ്റിയുടെ കാമ്പസിന് നൽകിയതിലുള്ള നന്ദി പ്രകാശിപ്പിച്ച പാപ്പാ, എന്നാൽ അതിന് പിന്നിൽ, തന്റെ വ്യക്തിത്വമെന്നതിനേ ക്കാൾ, പാപ്പായും ഇക്വറ്റോറിയൽ ഗിനിയും മുന്നോട്ടു വയ്ക്കാൻ ആഗ്രഹിക്കുന്ന മൂല്യങ്ങൾ തമ്മിലുള്ള സാമ്യമാണ് ഉള്ളതെന്നും പ്രസ്താവിച്ചു. ഒരു യൂണിവേഴ്സിറ്റി ആസ്ഥാനം തുടങ്ങുക എന്നത്, മനുഷ്യരിലുള വിശ്വാസത്തിന്റെ പ്രകടനം കൂടിയാ ണെന്നും, പുതുതലമുറയുടെ പരിശീലനത്തിനു വേണ്ടി ചിലവഴിക്കുന്നത് അർത്ഥ പൂർണ്ണമെന്ന സത്യമാണ് വിളിച്ചോതുന്നതെന്നും പാപ്പാ പറഞ്ഞു. പൊതുനന്മ ലക്ഷ്യമാക്കി അറിവുകൾ പകരുകയാണ് ഇതുവഴി ചെയ്യുന്നത്. പുതിയ വിദ്യാഭ്യാ സസ്ഥാപനങ്ങളിലൂടെ കെട്ടിടങ്ങളും വസ്തുക്കളുമല്ല, ജീവിക്കുന്ന ഒരു സംഘട നയാണ് ഉണ്ടാകുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. പ്രത്യാശയുടെയും കണ്ടുമുട്ടലു കളുടെയും പുരോഗതിയുടെയും ഇടമാണ് പുതിയ ഈ യൂണിവേഴ്സിറ്റി കാമ്പസ് തുറക്കുന്നതിലൂടെ ലഭിക്കുന്നത്. യൂണിവേഴ്സിറ്റിയുടെ ലക്ഷ്യവും സ്വഭാവവും മന സിലാക്കാൻ വൃക്ഷങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് പറഞ്ഞ പാപ്പാ, ഇക്വറ്റോറിയൽ ഗിനിയുടെ ദേശീയവൃക്ഷമായ 'സെയ്ബ'യെക്കു റിച്ച് പരാമർശിച്ചു. ഏറെ ആഴത്തിൽ വേരുന്നി, ഉയർന്നും വിസ്തൃതിയിലും വളരു ന്ന ആ മരം പോലെ, ആഴത്തിൽ വേരൂന്നി, ആധികാരികവും ഉത്തരവാദിത്തപൂർ ണ്ണവുമായ വിദ്യാഭ്യാസം നൽകാനും സത്യത്തെ തേടാനുമുള്ള ഇടമായിരിക്കണം സർവ്വകലാശാലകൾ എന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

## മൂല്യങ്ങൾക്ക് പ്രാധാന്യം നൽകണം

ഉത്പത്തിപുസ്തകത്തിലെ അറിവിന്റെ വൃക്ഷവും, ക്രിസ്തുവിന്റെ  കുരിശെന്ന വൃക്ഷവും പാപ്പാ തന്റെ പ്രഭാഷണത്തിൽ പരാമർശിച്ചു. തങ്ങളെത്തന്നെ അള വുകോലായി കാണാനും, മറ്റാരുടെയും ആവശ്യമില്ലാത്തവരായി ജീവിക്കാനു മുള്ള പ്രവണതയിലെ തിന്മയാണ് പഴയനിയമത്തിലെ വൃക്ഷം കാണിച്ചുതരു ന്നതെങ്കിൽ, മാനവികമായ അറിവിനെ തള്ളിപ്പറയുക എന്നതിനെക്കാൾ





രക്ഷയുടെ അടയാളമെന്ന രീതിയിൽ അതിനെ കാണാനാണ് വിശുദ്ധ കുരിശിലൂടെ ക്രൈസ്തവപാപരമ്പര്യം നമ്മെ പഠിപ്പിക്കുന്നത്. യൂണിവേഴ്സിറ്റികളിൽ വിദ്യാർത്ഥികളുടെ എണ്ണത്തേക്കാൾ അവരിൽ വളർത്തിയെടുക്കാൻ കഴിയുന്ന മൂല്യങ്ങൾക്കായിരിക്കണം പ്രാധാന്യം നൽകേണ്ടതെന്നും പാപ്പാ ഓർമ്മിപ്പിച്ചു. സമഗ്രമാനവികവികസനത്തിന്റെ പ്രാധാന്യവും പാപ്പാ എടുത്തുപറഞ്ഞു. ജ്ഞാനത്തിന്റെ പീഢമായ പരിശുദ്ധ അമ്മയുടെ മാതൃസംരക്ഷണത്തിന് ഏവരെയും സമർപ്പിച്ചും, പുതിയ സർവ്വകലാശാലായിടം ഏറെ നല്ല ഫലങ്ങൾ നല്കട്ടെയെന്ന് ആശംസിച്ചുമാണ് പാപ്പാ തന്റെ പ്രഭാഷണം അവസാനിപ്പിച്ചത്.തന്റെ അപ്പസ്തോലികയാത്രയുടെ അവസാന ചടങ്ങായ മലാബോ സ്റ്റേഡിയത്തിലെ വിശുദ്ധ കുർബാനയ്ക്കായി ഒൻപതരയോടെ അവിടെയെത്തിയ പാപ്പാ ആളുകൾക്കിടയിലൂടെ തുറന്ന വാഹനത്തിൽ സഞ്ചരിക്കുകയും രാവിലെ 10 മണിക്ക് വിശുദ്ധ ബലി ആരംഭിക്കുകയും ചെയ്തു. ഏതാണ്ട് ഇരുപതിനായിരത്തോളം ആളുകളാണ് വിശുദ്ധ ബലിയിൽ പങ്കെടുത്തത്.സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ് എന്ന ക്രിസ്തുവചനങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായം നാല്പത്തിനാലുമുതൽ അൻപത്തിയൊന്ന് വരെയുള്ള തിരുവചനങ്ങൾ ഉൾക്കൊള്ളുന്ന സുവിശേഷവയനയെത്തുടർന്ന് പാപ്പാ വചനസന്ദേശം നൽകി.വിശുദ്ധബലിയർപ്പണത്തിന്റെ അവസാനം, മലാബോ അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ് ഹുവാൻ ൻസ്യൂവേ എദ്ജാങ് മയേ അപ്പസ്തോലികസന്ദർശനത്തിന് നന്ദി പറഞ്ഞുകൊണ്ട് സംസാരിച്ചു. തുടർന്ന് പന്ത്രണ്ടുമണിയോടെ പാപ്പാ മലാബോ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് യാത്രയായി.മലാബോ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ പാപ്പായെ രാജ്യത്തിന്റെ പ്രസിഡന്റ് തെയോദോറോ ഒബിയാങ് നഗ്വേമ ബാസോഗോ ഉൾപ്പെടുന്ന സംഘം സ്വീകരിച്ചു. തുടർന്ന് നടന്ന ദേശീയഗാനാലാപനങ്ങൾക്കും ഔദ്യോഗികബഹുമതിച്ചടങ്ങുകൾക്കും ഇരു രാജ്യങ്ങളുടെയും പ്രതിനിധിസംഘങ്ങളുടെ അഭിവാദ്യങ്ങൾക്കും ശേഷം പാപ്പായും സംഘവും ഉച്ചയ്ക്ക് പന്ത്രണ്ടേമുക്കാലോടെ റോമിലെ ഫ്യുമിച്ചീനോയിലുള്ള ലെയോനാർദോ ദാ വിഞ്ചി അന്താരാഷ്ട്രവിമാനത്താവളത്തിലേക്ക് യാത്രയായി. ❍



# ജൂണിൽ കൺസിസ്റ്ററിക്ക് കർദിനാൾമാരെ ക്ഷണിച്ച് പാപ്പാ

SPECIAL REPORT

ഡോ. എഡ്‌വേർഡ് എടേഴത്ത്
യു. എസ്. എ.



**വത്തിക്കാൻ സിറ്റി :**2026 ജനുവരി 7, 8 തീയതികളിൽ, കർദിനാൾമാരുടെ കൺസിസ്റ്ററി ലിയോ പതിനാലാമൻ പാപ്പാ വിളിച്ചു ചേർത്തിരുന്നു. തദവസരത്തിൽ, വിവിധ സമൂഹങ്ങളായി തിരിഞ്ഞുകൊണ്ട്, 'ഇവൻജേലി ഗൗദിയും', എന്ന രേഖയെ പറ്റിയുള്ള പഠനങ്ങൾ കർദിനാളുമാർ നടത്തിയിരുന്നു. അപ്രകാരം ശേഖരിക്കപ്പെട്ട സംഭാവനകൾ വിലയേറിയ ഒരു പൈതൃകമാണെന്നും, അത് സംരക്ഷിക്കുവാനും, കൂടുതൽ ആഴത്തിൽ വിവിചനത്തോടെ അപഗ്രഥിക്കാനുമുള്ള തന്റെ ആഗ്രഹം വെളിപ്പെടുത്തിക്കൊണ്ടു, ജൂൺ 26, 27 തീയതികളിൽ നടക്കുന്ന ദ്വിദിന അസംബ്ലിയെ മുൻനിർത്തി, ലിയോ പതിനാലാമൻ പാപ്പാ കർദിനാൾമാർക്ക് കത്തയച്ചു. വിശുദ്ധരായ പത്രോസിന്റെയും പൗലോസിന്റെയും തിരുനാളിന് തൊട്ടുമുമ്പ് വത്തിക്കാനിൽ വച്ചാണ് കൺസിസ്റ്ററി നടക്കുക. തിരുനാൾ ദിനത്തിൽ ബസിലിക്കയിൽ അർപ്പിക്കുന്ന വിശുദ്ധ കുർബാനയോടെ സമ്മേളനം അവസാനിക്കും. ദൈവം ലോകത്തെ സ്നേഹിക്കുന്നുവെന്ന ആശയ വിനിമയമാണ്, പങ്കുവയ്ക്കപ്പെടേണ്ടതെന്നും, മതപരിവർത്തനത്തിന്റെ പ്രലോഭനത്തെയും, സ്ഥാപനപരമായ സംരക്ഷണത്തിന്റെയോ വികാസത്തിന്റെയോ യുക്തിയെയും ഒഴിവാക്കണമെന്നും, മറിച്ച് ക്രിസ്തു കേന്ദ്രീകൃതവും, സുവിശേഷ പ്രഘോഷണവുമാണ് പ്രധാനപ്പെട്ടതെന്നും പാപ്പാ കത്തിൽ എടുത്തുപറയുന്നു. സഭ ന്യൂനപക്ഷമായിരിക്കാവുന്ന സന്ദർഭങ്ങളിൽ പോലും, 'എല്ലാവർക്കും പ്രത്യാശ നൽകുന്ന ഒരു ചെറിയ ആട്ടിൻകൂട്ടമായി' ജീവിക്കാൻ അവൾ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പാപ്പാ കത്തിൽ ചൂണ്ടിക്കാട്ടി. കത്ത് ഉപസംഹരിച്ചുകൊണ്ട്, കർദ്ദിനാൾമാരുടെ സേവനത്തിനുള്ള തന്റെ നന്ദി പാപ്പാ ആവർത്തിക്കുകയും

ജൂണിലെ കൺസിസ്റ്ററിക്കുള്ള തയ്യാറെടുപ്പുകൾക്കായി കൂടുതൽ വിവരങ്ങൾ തുടർന്ന് അറിയിക്കുമെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു.

**സ്വപ്നമാകാതിരിക്കട്ടെ സോദ്ദേശ്യ രാഷ്ട്രീയം**

'ഏതൊരു രാഷ്ട്രീയ പ്രവർത്തനത്തിന്റെയും പ്രാഥമിക കർത്തവ്യം ഒരു ഉത്തമ കാഴ്ചപ്പാട് നൽകുക എന്നതാകണ'മെന്ന് ലിയോ പതിനാലാമൻ പാപ്പാ. യൂറോപ്യൻ പീപ്പിൾസ് പാർട്ടിയിൽ നിന്നുള്ള യൂറോപ്യൻ പാർലമെന്റ് അംഗങ്ങളുമായി വത്തിക്കാനിൽ കൂടിക്കാഴ്ച്ച നടത്തവേയാണ് പാപ്പാ ഇക്കാര്യം ഊന്നിപ്പറഞ്ഞത്. കുടിയേറ്റത്തിന്റെ മൂലകാരണങ്ങളെ അഭിസംബോധന ചെയ്യുക, കഷ്ടപ്പെടുന്നവരെ പരിപാലിക്കുക, കുടിയേറ്റക്കാരെ സമൂഹത്തിലേക്ക് സ്വാഗതം ചെയ്യുന്നതിനും സമന്വയിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക, സൃഷ്ടിയോടുള്ള പരിചരണം, നിർമ്മിത ബുദ്ധി എന്നിവ പോലുള്ള നമ്മുടെ കാലത്തെ വലിയ വെല്ലുവിളികളെ പ്രത്യയശാസ്ത്രപരമല്ലാത്ത രീതിയിൽ അഭിമുഖീകരിക്കുക എന്നത്, ക്രിസ്ത്യാനിയായ രാഷ്ട്രീയ പ്രവർത്തകന്റെ സേവനങ്ങളുടെ ഭാഗമാകണമെന്നും, മതസ്വാതന്ത്ര്യവും ചിന്താ സ്വാതന്ത്ര്യവും മനഃസാക്ഷിയും സംരക്ഷിക്കുന്ന സത്യത്തിൽ വേരൂന്നിയ രാഷ്ട്രീയമാകണം ലക്ഷ്യമെന്നും പാപ്പാ പറഞ്ഞു. ആധുനിക യൂറോപ്പിന്റെ സ്ഥാപക പിതാക്കന്മാരായി കണക്കാക്കപ്പെടുന്ന അഡെനോവർ, ഡി ഗാസ്പെരി, ഷൂമാൻ തുടങ്ങിയ വ്യക്തികളിൽ നിന്ന് രാഷ്ട്രീയ പ്രചോദനം ഉൾക്കൊണ്ട യൂറോപ്യൻ പീപ്പിൾസ് പാർട്ടി അംഗങ്ങളുമായി പരമ്പരാഗതമായി തുടരുന്ന, പാപ്പായുടെ കൂടിക്കാഴ്ച്ചയ്ക്ക്, ഈ വർഷം അവസരമൊരുങ്ങിയതിൽ ലിയോ പതിനാലാമൻ പാപ്പാ സന്തോഷം പ്രകടിപ്പിച്ചു. ഇരുപതു വർഷങ്ങൾക്ക് മുമ്പ് ബെനഡിക്ട് പതിനാറാമൻ പാപ്പായെ പോലെ, താനും യൂറോപ്പിന്റെ ക്രിസ്തീയ പൈതൃകത്തെ, യൂറോപ്യൻ പീപ്പിൾസ് പാർട്ടി അംഗീകരിക്കുന്നതിൽ ഏവരെയും അഭിനന്ദിക്കുന്നുവെന്നു എടുത്തുപറഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളിൽ നിന്നും പിറവിയെടുത്ത ഇത്തരമൊരു യൂറോപ്യൻ പദ്ധതി, അത്തരമൊരു സംഘർഷം വീണ്ടും സംഭവിക്കാതിരിക്കാനുള്ള പ്രായോഗിക ആവശ്യകതയിൽ നിന്നുമാണ് രൂപം കൊണ്ടത്. രണ്ടാം ലോകമഹായുദ്ധത്തിലേക്ക് നയിച്ച പ്രതികാരത്തിന്റെയും സംഘർഷത്തിന്റെയും രീതിക്കു പകരം, ക്രിസ്തീയ തത്ത്വങ്ങളെ അവർ ഉൾക്കൊണ്ടുവെന്നും പാപ്പാ കൂട്ടിച്ചേർത്തു.

**പൊതുനന്മയാണ് പ്രധാനം**

ഈ ആശയത്തെ സംഗ്രഹിക്കുന്ന മനോഹരവും ലളിതവുമായ ഒരു പദപ്രയോഗം, 'ഐക്യം സംഘർഷത്തേക്കാൾ വലുതാണ്' എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളാണെന്നതും ലിയോ പാപ്പാ ചൂണ്ടിക്കാട്ടി. സംഘർഷം, പരസ്പരമുള്ള വൈരുദ്ധ്യങ്ങളെ ഉയർത്തിക്കാട്ടുകയും അധികാരത്തിന്റെ പിന്തുടരലും അവകാശവാദവും വളർത്തുകയും, ആത്യന്തികമായി നാശത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അതിനാൽ ഏതൊരു രാഷ്ട്രീയ പ്രവർത്തനത്തിന്റെയും പ്രാഥമിക കർത്തവ്യം ഒരു ഉത്തമ കാഴ്ചപ്പാട് നൽകുക എന്നതാണെന്നും പാപ്പാ കൂട്ടിച്ചേർത്തു. രാഷ്ട്രീയം കാരുണ്യപ്രവർത്തനത്തിന്റെ ഏറ്റവും ഉയർന്ന രൂപം ആണെന്നും, കാരണം അത് പൊതുനന്മ കെട്ടിപ്പടുക്കുന്നതിന് പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണെന്നും പാപ്പാ ചൂണ്ടിക്കാട്ടി. എന്നിരുന്നാലും, ഒരു ആദർശം

പിന്തുടരുക എന്നതിനർത്ഥം ഒരു പ്രത്യയശാസ്ത്രത്തെ മഹത്വവൽക്കരിക്കുക എന്നല്ല മറിച്ച് മനുഷ്യ വ്യക്തിയെ കേന്ദ്രസ്ഥാനത്ത് നിർത്തുക എന്നാണെന്നു ഡി ഗാസ്പെരിയുടെ വാക്കുകളിൽ പാപ്പാ അടിവരയിട്ടു. യൂറോപ്യൻ പീപ്പിൾസ് പാർട്ടി എന്നതിന്റെ അർത്ഥം തന്നെ, പ്രതിബദ്ധതയുടെ ഹൃദയഭാഗത്താണ് ജനങ്ങൾ എന്നതാണെന്നും, അവർ കേവലം രാഷ്ട്രീയ നിർദ്ദേശങ്ങളുടെയും തീരുമാനങ്ങളുടെയും നിഷ്‌ക്രിയ സ്വീകർത്താക്കളല്ല; എല്ലാറ്റിനുമുപരിയായി, എല്ലാ രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം പങ്കിടുന്ന സജീവ പങ്കാളികളാണെന്നും പാപ്പാ ഓർമ്മപ്പെടുത്തി.സമീപ വർഷങ്ങളിൽ രാഷ്ട്രീയത്തിന്റെ പ്രധാന പ്രശ്നങ്ങളിലൊന്ന് ജനങ്ങളും അവരുടെ പ്രതിനിധികളും തമ്മിലുള്ള ഐക്യം, സഹകരണം, പരസ്പര ഇടപെടൽ എന്നിവയുടെ ക്രമാനുഗതമായ കുറവാണ്. അതിനാൽ, വ്യക്തിപരമായ സമ്പർക്കം ഉൾക്കൊള്ളുന്ന ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുവാൻ പാപ്പാ ആഹ്വാനം ചെയ്തു. പലപ്പോഴും മുദ്രാവാക്യങ്ങൾ മാത്രം അടങ്ങിയതും, ആളുകളുടെ യഥാർത്ഥ ആവശ്യങ്ങളോട് പ്രതികരിക്കാൻ കഴിവില്ലാത്തതുമായ ഒരു രാഷ്ട്രീയത്തിനു പകരം, ക്രിസ്ത്യൻ-ജനാധിപത്യ മൂല്യങ്ങളെ അടിസ്ഥാനമാക്കി, രാഷ്ട്രീയത്തിൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി പ്രവർത്തിക്കാൻ പാപ്പാ ഏവരെയും ക്ഷണിച്ചു. എപ്പോഴും സുവിശേഷാത്മകമായ ഒരു ജീവിതം നയിക്കുവാനും ആഹ്വാനം ചെയ്തു.

## ഹൃദയത്തെ ശ്രവിക്കുക

വിദ്യാഭ്യാസം എന്നതിനർത്ഥം ഹൃദയത്തെ ശ്രവിക്കാൻ കേൾക്കാൻ ആളുകളെ രൂപപ്പെടുത്തുക എന്നതാണെന്ന് ലിയോ പതിനാലാമൻ മാർപാപ്പാ ഇറ്റലിയിലെ സ്കൂളുകളിൽ മതാധ്യാപനം നടത്തുന്നവരുമായുള്ള കൂടിക്കാഴ്ച്ചാ വേളയിൽ കത്തോലിക്കാ പഠനത്തിന്റെ സാംസ്കാരികമായ പ്രാധാന്യം എടുത്തു കാണിക്കുകയും ചെയ്തു പാപ്പാ. മതേതരത്വം മതപരമായ വസ്തുതയെ ഒഴിവാക്കുന്നതല്ല എന്നും, മറിച്ച് വിദ്യാഭ്യാസ സംസ്കാരത്തിന്റെ വിശാലമായ മനോഭാവത്തിന്റെ ഭാഗമായി മഹത്തായ ഒരു നിധിയാണ് മതപഠനമെന്നും പാപ്പാ എടുത്തു പറഞ്ഞു. മതപരമായ മാനം, വാസ്തവത്തിൽ, മനുഷ്യാനുഭവത്തിന്റെ ഒരു ഘടനാപരമായ ഘടകമാണെന്നും, അതിനാൽ കുട്ടികളുടെയും കൗമാരക്കാരുടെയും ചെറുപ്പക്കാരുടെയും വളർച്ചയ്ക്ക് സ്കൂളുകളിലെ, മതപരമായ രൂപീകരണം ഏറെ ആവശ്യമാണെന്നും എടുത്തു പറഞ്ഞുകൊണ്ടാണ് ഇറ്റലിയിലെ സ്കൂളുകളിൽ മതാധ്യാപനം നടത്തുന്നവർക്ക്, ലിയോ പതിനാലാമൻ പാപ്പാ കൂടിക്കാഴ്ച്ച അനുവദിച്ച് സന്ദേശം നൽകിയത്. ദൈവത്തിന്റെ സൃഷ്ടിയുടെ ഒരു കണികമാത്രമാണ് മനുഷ്യനെന്നും, ഓരോ വ്യക്തിയിലും അന്തർലീനമായ അനന്തമായതിനോടുള്ള ദാഹമാണ്, സമാധാനം പ്രോത്സാഹിപ്പിക്കുന്നതിനും, സമൂഹത്തെ പുതുക്കുന്നതിനും, വൈരുദ്ധ്യങ്ങളെ ലളിതവത്ക്കരിക്കുന്നതിനുമുള്ള മാർഗമെന്നുമുള്ള വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ പാപ്പാ എടുത്തുപറഞ്ഞു.

## ഏറ്റവും വലിയ സമ്മാനം

പുതിയ തലമുറയോടുള്ള സഭയുടെ കരുതലിന്റെ പ്രകടനമാണ് മതാധ്യാപകരുടെ സേവനമെന്നും, ഇത് കുട്ടികൾക്കും ചെറുപ്പക്കാർക്കും ആന്തരിക സംഭാഷണം ഊട്ടിയുറപ്പിക്കുവാൻ ഏറെ സഹായകരമാണെന്നും പാപ്പാ ചൂണ്ടിക്കാട്ടി. അതുപോലെ തന്നെ കത്തോലിക്കാ മതത്തിന്റെ അധ്യാപനം, സാംസ്കാരിക മൂല്യമുള്ള ഒരു വിഷയമാണെന്നും, ഇറ്റലിയുടെയും യൂറോപ്പിന്റെ

യും ലോകമെമ്പാടുമുള്ള പല രാജ്യങ്ങളുടെയും, ചരിത്രപരവും സാമൂഹികവുമായ ചലനാത്മകത മനസ്സിലാക്കുന്നതിനും, ഈ രാജ്യങ്ങളുടെ മുഖം പരുവപ്പെടുത്തിയ ക്രിസ്തീയ ചിന്തകളെയും, ചാതുര്യം, കല എന്നിവയെയും ആഴത്തിൽ ഉൾക്കൊള്ളുവാനും സഹായകരമാണെന്നും പാപ്പാ പറഞ്ഞു.'ഹൃദയം ഹൃദയത്തോട് സംസാരിക്കുന്നു' എന്ന ദേശീയ സമ്മേളനത്തിന്റെ പ്രമേയം ഏറെ അർത്ഥവത്താണെന്നു പാപ്പാ പറഞ്ഞു. അധ്യാപനത്തിലൂടെ, കുട്ടികളിൽ പ്രതിധ്വനിക്കുന്ന ശബ്ദം തിരിച്ചറിയുവാൻ അവരെ സഹായിക്കുന്നു. അത് കേൾക്കാനോ, വീണ്ടും കണ്ടെത്താനോ പഠിപ്പിക്കുന്നത് പുതിയ തലമുറയ്ക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനങ്ങളിലൊന്നാണെന്നും പാപ്പാ കൂട്ടിച്ചേർത്തു. മനുഷ്യന് സത്യവും, ആധികാരിക അർത്ഥങ്ങളും ഇല്ലാതെ ജീവിക്കാൻ കഴിയില്ല. അത് നിഷേധിക്കുന്നത്, കേവലം മുഖം മൂടി മാത്രമാണ്. ഇന്ന് നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഒരു ഇടമാണ് വിദ്യാഭ്യാസരംഗമെന്നും, അതിനാൽ സഭ അധ്യാപകരെ, സേവനത്തിന്റെയും, പ്രത്യാശയുടെയും, പ്രവർത്തകർ ആയിട്ടാണ് അയക്കുന്നതെന്നും പാപ്പാ പറഞ്ഞു. ❍





# എല്ലാവർക്കും വാതിലുകൾ തുറന്നിരിക്കുന്ന ദൈവഭവനമാകണം ക്രിസ്തീയ സമൂഹമെന്ന് പാപ്പ

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



ഈശോ വാഗ്ദാനം ചെയ്യുന്ന വാസസ്ഥലം ഈ ഭൂമിയിൽ തന്നെ പ്രായോഗികമാക്കാനുള്ള ഔന്നത്യത്തെ കുറിച്ച് യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായം ഒന്നു മുതൽ 12 വരെയുള്ള ഭാഗം വിശദീകരിച്ച് പരി. പിതാവ് ലിയോ പാപ്പ പഠിപ്പിച്ചു. ഈശോ പറയുന്നു: 'ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും' (യോഹ:14:3). ഈ ദൈവിക പഠനം വഴി ദൈവത്തിരു മുമ്പിൽ ഏവർക്കും സ്ഥാനമുണ്ടെന്ന് അപ്പസ്തോലന്മാർ കണ്ടെത്തുന്നു. അവരിൽ രണ്ടുപേർ യോർദ്ദാൻ നദിയിൽ യേശുവുമായുള്ള ആദ്യ കണ്ടുമുട്ടലിൽ നിന്ന് തന്നെ ഈ അനുഭവത്തിലേക്ക് കടന്നു വന്നിരുന്നു. അവർ അവനെ പിന്തുടരുന്നതു കണ്ടപ്പോൾ യേശു അവരെ ശ്രദ്ധിക്കുകയും, തനിക്കൊപ്പം തന്റെ ഭവനത്തിൽ താമസിക്കുവാൻ ക്ഷണിക്കുകയും ചെയ്യുന്നു (ലൂക്ക:24:13 – 35). ആ രണ്ടു ശിഷ്യന്മാർക്ക് അത് മരണത്തിന്റെ നിഴൽ സമീപിച്ച ആ നിർണായക നിമിഷങ്ങളായിരുന്നു എങ്കിലും കർത്താവായ യേശു വീണ്ടും ഒരു ഭവനത്തെക്കുറിച്ചു സംസാരിക്കുന്നു. എന്നാൽ ഇത്തവണ അവിടുന്ന് സൂചിപ്പിക്കുന്ന ഭവനം അതിവിശാലവും നിത്യവുമായ ദൈവാലയമാണ്. അത് അവിടുത്തെ പിതാവിന്റെയും നമ്മുടെ പിതാവിന്റെയും ഭവനമാണ് – സ്നേഹത്തിന്റെ ആലയവും, ഓരോ ആത്മാവിനും ഒരുക്കിയിരിക്കുന്ന നിത്യനിവാസ കേന്ദ്രവും. ആ ഭവനത്തിലേക്ക് കടന്നു വരുന്ന ഓരോരുത്തർക്കും അവർക്ക് യോഗ്യമായ സ്ഥലം ഒരുക്കുന്ന ദാസനായി പുത്രൻ സ്വയം വെളിപ്പെടുത്തുന്നു. ഞാൻ നിങ്ങൾക്കായി സ്ഥലം ഒരുക്കുവാൻ പോകുന്നു (യോഹ:14: 2 – 3) എന്ന അവിടുത്തെ വാക്കുകൾ, ദൈവസ്നേഹത്തിന്റെ അനന്തമായ കരുതലിനെയും വിശ്വസ്തതയെയും നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈ

വസന്നിധിയിലേക്കു പ്രവേശിക്കുന്ന ആത്മാവിന് അവിടെ അപരിചിതത്വമില്ല; മറിച്ച്, ഏറെ നാളായി കാത്തിരുന്ന ഭവനം കണ്ടെത്തിയതിന്റെ ആനന്ദവും സമാധാനവും ആ ആത്മാവ് അനുഭവിക്കുന്നു. കാരണം, അവിടെ സ്നേഹപൂർവ്വം കാത്തിരിക്കുന്നവൻ ക്രിസ്തുവാണ് – തന്റെ ജനത്തെ ഒരിക്കലും ഉപേക്ഷിക്കാത്ത നല്ല ഇടയൻ.

ലെയോ പാപ്പ പറയുന്നു നാം ഇപ്പോഴും സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ഈ പഴയ ലോകത്തിൽ മനുഷ്യന്റെ ശ്രദ്ധയെ ആകർഷിക്കുന്നത് പ്രത്യേക സ്ഥാനങ്ങളും, ചുരുക്കം ചിലർക്കു മാത്രം ലഭ്യമാകുന്ന അനുഭവങ്ങളും, മറ്റുള്ളവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ട ഇടങ്ങളിലേക്കുള്ള അവകാശവുമാണ്. മനുഷ്യഹൃദയം പലപ്പോഴും മഹത്വത്തിനും അംഗീകാരത്തിനും വേണ്ടി അത്യാഗ്രഹത്തോടെ ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ നയിക്കുന്ന പുതിയ സൃഷ്ടിയിൽ സ്ഥിതി അതല്ല. അവിടെ ഏറ്റവും മഹത്തായ അനുഗ്രഹങ്ങൾ എല്ലാവർക്കുമായി തുറന്നു കിടക്കുന്നു; ദൈവസ്നേഹത്തിന്റെ വാതിലുകൾ ആരുടെയും മുമ്പിൽ അടഞ്ഞുകിടക്കുന്നില്ല. എന്നാൽ അതുകൊണ്ട് അവയുടെ മഹത്വം കുറയുന്നില്ല; മറിച്ച്, എല്ലാവർക്കും പങ്കുവയ്ക്കപ്പെടുന്ന സ്നേഹവും ആനന്ദവും അതിനെ കൂടുതൽ ദിവ്യമാക്കുന്നു. അവിടെ മാത്സര്യത്തിന്റെ സ്ഥാനത്ത് കൃതജ്ഞത വിരിയുന്നു; അന്യവൽക്കരണത്തിന്റെയും ഒഴിവാക്കലിന്റെയും സ്ഥാനത്ത് സ്നേഹപൂർവ്വമായ അതിഥി സേവനം നിറയുന്നു. സമൃദ്ധി ഒരാളെയും മറ്റൊരാളിൽനിന്ന് അകറ്റുന്നില്ല; മറിച്ച്, എല്ലാവരെയും ദൈവമക്കളായി ഒരുമിപ്പിക്കുന്നു. ദൈവരാജ്യത്തിൽ ആരും മറക്കപ്പെടുന്നില്ല, ആരും മറ്റൊരാളിൽ കലർന്നുപോകുന്നില്ല, ആരും നഷ്ടപ്പെട്ടുപോകുന്നില്ല. ഓരോരുത്തരെയും ദൈവം പേരെടുത്ത് വിളിക്കുന്നു; ഓരോ ജീവിതവും അവിടുത്തെ സന്നിധിയിൽ അമൂല്യമാണ്. മരണം പലപ്പോഴും നമ്മുടെ പേരിനെയും ഓർമ്മകളെയും മായ്ച്ചുകളയും എന്നു ഭീഷണിപ്പെടുത്തുന്നു. എന്നാൽ ദൈവത്തിൽ മനുഷ്യൻ തന്റെ യഥാർത്ഥ സ്വരൂപം വീണ്ടും കണ്ടെത്തുന്നു. കാരണം, ജീവിതം മുഴുവൻ നമ്മൾ അന്വേഷിച്ചു കൊണ്ടിരിക്കുന്നത് ഈ സ്നേഹ നിറഞ്ഞ ഇടമാണ് – സ്വീകരിക്കപ്പെടുകയും അറിയപ്പെടുകയും നിത്യമായി സ്നേഹിക്കപ്പെടുകയും ചെയ്യുന്ന ദൈവസന്നിധി. ചിലപ്പോഴൊക്കെ അല്പം അംഗീകാരത്തിനും സ്നേഹത്തിനുമായി മനുഷ്യൻ ലോകത്തിന്റെ പല വഴികളിലും അലഞ്ഞുതിരിയുന്നു; എന്നാൽ ഒടുവിൽ ഹൃദയത്തിന്റെ ദാഹം ശമിക്കുന്നത് ദൈവത്തിൽ മാത്രമാണ് എന്നാണ് പാപ്പ പ്രബോധിപ്പിക്കുന്നത്. "'വിശ്വസിക്കുവിൻ' – കർത്താവായ യേശു നമ്മുടെ ഹൃദയങ്ങളോടു ഇന്നും അരുളിച്ചെയ്യുന്ന ദൈവിക ആഹ്വാനമാണത്. 'ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ' (യോഹ. 14:1). ഈ വിശ്വാസത്തിലാണ് ജീവിതത്തിന്റെ മഹാരഹസ്യം ഒളിഞ്ഞിരിക്കുന്നത്. ക്രിസ്തുവിലുള്ള ഈ വിശ്വാസം നമ്മുടെ ഹൃദയങ്ങളെ ലോകത്തിന്റെ ഉത്കണ്ഠകളിൽ നിന്നും മോചിപ്പിക്കുന്നു – എല്ലാം സ്വന്തമാക്കണമെന്ന ആസക്തിയിൽനിന്നും, മഹത്വത്തിനും ഉയർന്ന സ്ഥാനങ്ങൾക്കും പിന്നാലെ ഓടുന്ന അഭിമാനത്തിന്റെ വഞ്ചനയിൽനിന്നും, മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാകണമെന്ന ആത്മകേന്ദ്രീകൃതമായ മോഹങ്ങളിൽനിന്നും.

കാരണം, ഓരോ മനുഷ്യന്റെയും ജീവിതത്തിന് ഇതിനകം തന്നെ ദൈവസന്നിധിയിൽ അനന്തമായ മൂല്യമുണ്ട്. ദൈവത്തിന്റെ സ്നേഹരഹസ്യത്തിൽ ഓരോ ആത്മാവും അതുല്യവും അമൂല്യവുമാണ്. ഇതാണ് യഥാർത്ഥ സത്യം; ഇതാണ് മനുഷ്യന്റെ യഥാർത്ഥ മഹത്വം. കർത്താവായ യേശു നമ്മെ സ്നേഹിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കുമ്പോൾ, ഈ ദൈവിക സത്യത്തെ നാം കൂടുതൽ ആഴത്തിൽ തിരിച്ചറിയുന്നു. സ്നേഹത്തിലൂടെയാണ് മനുഷ്യൻ തന്റെ യഥാർത്ഥ സ്വരൂപം കണ്ടെത്തുന്നത്; സ്നേഹത്തിലൂടെയാണ് ദൈവരാജ്യത്തിന്റെ വെളിച്ചം ഭൂമിയിൽ പ്രത്യക്ഷമാകുന്നത്. ഇതുതന്നെയാണ്



കർത്താവിന്റെ പുതിയ കല്പന – സ്നേഹത്തിന്റെ കല്പന. ഈ ദൈവിക സ്നേഹത്തിൽ ജീവിക്കുമ്പോൾ, സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം ഭൂമിയിലേയ്ക്കു തന്നെ ഇറങ്ങി വരുന്നു. മനുഷ്യർ തമ്മിലുള്ള സാഹോദര്യവും ഹൃദയങ്ങളിലെ സമാധാനവും തന്നെയാണ് ദൈവം മനുഷ്യർക്കായി നിർണ്ണയിച്ചിരിക്കുന്ന യഥാർത്ഥ വിധിയെന്ന സത്യം നാം ലോകത്തോടു സാക്ഷ്യപ്പെടുത്തുന്നു.

സ്നേഹത്തിൽ ഒരുമിച്ചു ജീവിക്കുന്ന അനേകം സഹോദരീ സഹോദരന്മാരുടെ മദ്ധ്യേ, ഓരോരുത്തരും തങ്ങൾ ദൈവസന്നിധിയിൽ അതുല്യരും അമൂല്യരുമാണെന്ന് തിരിച്ചറിയുന്നു. ആരും അന്യരല്ല, ആരും മറക്കപ്പെട്ടവരല്ല; എല്ലാവരും ദൈവപിതാവിന്റെ മക്കളും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളുമാണ്. അതുകൊണ്ട്, ഓരോ ക്രിസ്തീയ സമൂഹവും എല്ലാവർക്കും വാതിലുകൾ തുറന്നിരിക്കുന്ന ദൈവഭവനമായി മാറട്ടെ – സ്വീകരണവും കരുണയും നിറഞ്ഞ, ഓരോ വ്യക്തിയെയും സ്നേഹത്തോടെ ശ്രദ്ധിക്കുന്ന വിശ്വാസസമൂഹമായി വളരട്ടെ. ഈ കൃപ നമുക്കു ലഭിക്കേണ്ടതിനു സഭയുടെ മാതാവും വിശ്വാസികളുടെ ആശ്രയവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥത നമുക്ക് അപേക്ഷിക്കാം. അവൾ നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സ്നേഹത്തിൽ ഏകീകരിച്ച് ഭൂമിയിൽ തന്നെ ദൈവരാജ്യത്തിന്റെ സാക്ഷികളായി ജീവിക്കുവാൻ നമ്മെ നയിക്കട്ടെ. ❍



# ദൈവവിളി

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പ്രബോധനപരമ്പര.***

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 32**



248. "ദൈവവിളി' എന്ന പദം വിശാലാർത്ഥത്തിൽ ദൈവത്തിൽനിന്നുള്ള വിളിയാകുന്നു. ജീവനിലേക്കുള്ള വിളി, അവന്റെ സൗഹൃദത്തിലേക്കുള്ള വിളി, വിശുദ്ധിയിലേക്കുള്ള വിളി, അങ്ങനെ പലതിലേക്കുമുള്ള വിളി ഈ പദം ഉൾക്കൊള്ളുന്നു. നമ്മൾ സ്നേഹിക്കുന്ന ദൈവവുമായി നമ്മുടെ മുഴുവൻ ജീവിതവും ബന്ധപ്പെട്ടിരിക്കുന്നു. ഇത് വളരെ സഹായകമാണ്. ഒന്നും യാദൃശ്ചികമായതല്ലെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു; നമുക്കുവേണ്ടി അത്ഭുതകരമായ പദ്ധതികളൊരുക്കുന്ന ദൈവത്തോടു പ്രതികരിക്കുന്നതിന്റെ ഭാഗമാണ് നമ്മുടെ ജീവിതത്തിലെ എല്ലാം. 249. ദൈവമഹത്ത്വത്തിനായി എല്ലാവരും വളരുകയും പക്വതയുള്ളവരാവുകയും ചെയ്യുന്ന ദൈവവിളിയെക്കുറിച്ച് ഞാൻ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ പറഞ്ഞിരുന്നു. ഞാനതിൽ ശ്രമിച്ചത് "നമ്മുടെ കാലത്തെ എല്ലാ അപകടസാധ്യതയും വെല്ലു




വിളിയും അവസരങ്ങളുമുപയോഗിച്ച് പ്രായോഗികമായി വിശുദ്ധിയിലേക്ക് വളരുന്നത് വീണ്ടും നിർദേശിക്കാനാണ്." നാം ഓരോരുത്തരോടും ഈ വിളി എങ്ങനെ പുതുക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വിവരിച്ചിരുന്നു: "പിതാവ് പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ വിശ്വാസിയും അവരുടെ അവസ്ഥയും സ്ഥിതിയും എന്തുമായിക്കൊള്ളട്ടെ, അവരുടേതായ സ്വന്തം മാർഗത്തിൽ പരിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ' സൗഹാർദത്തിലേക്കുള്ള ദൈവത്തിന്റെ വിളി 250. നാം തിരിച്ചറിയുകയും കണ്ടെത്തുകയും ചെയ്യേണ്ട ആദ്യകാര്യം ഇതാണ്. ഓരോ യുവതീയുവാവിനോടും സുഹൃത്താകാൻ യേശു ആഗ്രഹിക്കുന്നു. ഈ തിരിച്ചറിവാണ് എല്ലാറ്റിന്റേയും അടിസ്ഥാനം. ഉത്ഥിതനായ യേശു പത്രോസിനോടു ചോദിക്കുന്നുണ്ട്: "യോഹന്നാന്റെ പുത്രനായ ശിമയോനേ നീ എന്നെ സ്നേഹിക്കുന്നുവോ?" (യോഹ. 21:16). മറ്റുവിധത്തിൽ, നീ ഒരു സുഹൃത്തായി എന്നെ സ്നേഹിക്കുന്നുവോ? തന്റെ കുഞ്ഞാടുകളെ മേയിക്കുക എന്ന ശിമയോനു കിട്ടിയ ദൗത്യം ഈ പ്രതിസ്നേഹത്തോടു കൂട്ടിവയ്ക്കാം. സുഹൃത്തിന്റെ സ്നേഹത്തോട്.. 251ഇതിന്റെ മറുവശത്ത്, യേശുവും ധനികനായ യുവാവും തമ്മിലുള്ള വിജയിക്കാതെ പോയ ബന്ധമുണ്ട്. കർത്താവിന്റെ സ്നേഹകടാക്ഷ സ്വീകരിക്കാനാകാതെ പോയ യുവാവ് (cf. മർക്കോ. 10:21), അവൻ സങ്കടത്തോടെ തിരിച്ചുപോയി. നിത്യജീവൻ ആഗ്രഹിച്ചിരുന്നിട്ടും അവന്റെ വളരെയേറെ സമ്പത്തിനെ വിട്ടെറിയാൻ കഴിയാതെ (cf. മത്താ 19:22). തീർച്ചയായും ഒരു നല്ല സുഹൃദ്ബന്ധമാകാമായിരുന്ന അവസരം അവന് നഷ്ടമായി. യേശു സ്നേഹപൂർവം കടാക്ഷിക്കുകയും അവന്റെ കൈകൾ വിരിച്ചുപിടിക്കുകയും ചെയ്ത ആ യുവാവ് നമുക്കെന്താവുമായിരുന്നു, മനുഷ്യരാശിക്കുവേണ്ടി എന്ത് ചെയ്യുമായിരുന്നുവെന്ന് നമുക്കൊരിക്കലും അറിയാൻ കഴിയില്ല.. 252 "യേശു നമുക്ക് നൽകുന്നത് ഒരു പ്രണയകഥയാണ്. നമ്മുടെ ജീവിതമാകുന്ന മണ്ണിൽ അവന്റെ വേര് ഉറപ്പിക്കാനും നമ്മോടു ചേരാനുമുള്ള "ജീവചരിത്രം,' ആ ജീവിതം "ക്ലൗഡിൽനിന്നും' ഡൗൺലോഡ് ചെയ്യേണ്ട ഒരു രക്ഷാപദ്ധതിയല്ല. കണ്ടുപിടിക്കേണ്ട പുതിയ "ആപ്" അല്ല. മനസിന്റെ സ്വപരിവർത്തനത്തിനുള്ള സാങ്കേതികവിദ്യയുമല്ല. ആനുകാലിക വാർത്തകൾ തെരയാനുള്ള 'ട്യൂട്ടോറിയ"ലുമല്ല. നമ്മുടെ ആത്മകഥയുമായി ഇഴചേർന്ന ഒരു പ്രണയഗാഥയിലേക്കുള്ള ക്ഷണപത്രമാണ് ദൈവം വച്ചുനീട്ടുന്ന രക്ഷാപദ്ധതി. അത് ജീവസുറ്റതാണ്; നമുക്കിടയിൽ ജീവൻ കൊള്ളാനുള്ളതാണ്. നാം എന്താണോ, എവിടെയാണോ, ആരോടൊപ്പമാണോ, അവരെല്ലാവരും ഒത്ത് ഫലദായകമാകാനുള്ളതാണ്. കർത്താവ് ഇവിടെ വരുന്നത് വിത്ത് വിതയ്ക്കാനും വിതയ്ക്കപ്പെടാനുമാണ്."

**<u>മറ്റുള്ളവർക്കുവേണ്ടി അവിടെയായിരിക്കുക.</u>**




253. മറ്റുള്ളവരുടെ സേവനത്തിനായി മിഷണറി ശുശ്രൂഷ ചെയ്യുക എന്ന ദൈവവിളിയെക്കുറിച്ച് കൃത്യമായി ഞാനിപ്പോൾ പറയാം. ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കുകാരാകാനും നമുക്കു ലഭിച്ച ദാനങ്ങളുപയോഗിച്ച് പൊതുനന്മയ്ക്കായി സംഭാവനകൾ നൽകാനുമാണ് ദൈവം നമ്മെ വിളിക്കുന്നത്. 254. അതിനാൽ ഈ മിഷണി ദൈവവിളി, ശുശ്രൂഷ ചെയ്യാനുള്ളതാണ്. കാരണം ഭൂമിയിലെ നമ്മുടെ ജീവിതം പൂർണമാകുന്നത് അതൊരു ബലിയാകുമ്പോഴാണ്. ഞാനാവർത്തിക്കട്ടെ "മനുഷ്യഹൃദയങ്ങളിലായിരിക്കുക എന്ന മിഷൻ എന്റെ ജീവിതത്തിന്റെ ഒരു ഭാഗം അഥവാ എനിക്ക് എടുത്തുകളയാവുന്ന ഒരു ബാഡ്ജല്ല. അത് ജീവിതത്തിലെ ഒരു "അധിക' കാര്യം അഥവാ മറ്റൊരു നിമിഷമല്ല. അത് ഞാൻ എന്നെത്തന്നെ നശിപ്പിച്ചാലല്ലാതെ എന്നിൽനിന്നും പിഴുതെറിയാനാകില്ല. ഞാൻ ഈ ഭൂമിയിൽ ഒരു മിഷനാണ്. അതുകൊണ്ടാണ് ഞാൻ ഇവിടെയായിരിനാൽ ഏതുവിധ അജപാലന പ്രവർത്തനവും രൂപീകരണവും ആത്മീയതയും ഈ ക്രിസ്തീയ ദൈവവിളിയുടെ വെളിച്ചത്തിൽ കാണപ്പെടണം. 255. നിങ്ങളുടെ വ്യക്തിപരമായ ദൈവവിളി നിങ്ങൾ ചെയ്യുന്ന ജോലി മാത്രമല്ല, ഉൾക്കൊള്ളുന്നത്, അത് അതിന്റെ പ്രകാശനമാണെങ്കിലും, നിങ്ങളുടെ ദൈവവിളി അതിലും കൂടുതലാണ്. മള്ളവരുടെ ശുശ്രൂഷയ്ക്കായി നിങ്ങൾ ചെയ്യുന്ന പല ശ്രമങ്ങളും പ്രവൃത്തികളും നിങ്ങളെ നയിക്കുന്ന പാതയാണ്. അതിനാൽ നിങ്ങളുടെ ദൈവവിളി തിരിച്ചറിയാൻ ശ്രമിക്കുമ്പോൾ, പ്രധാനമായും സമൂഹത്തിന് ആ പ്രത്യേക സേവ ചെയ്യാൻ നിങ്ങളിലുള്ള കഴിവുകൾ നിർണയിച്ചെടുക്കണം. 256. ഇത് നിങ്ങൾ ചെയ്യുന്ന ഓരോ ജോലിക്കും കൂടുതൽ മൂല്യം നൽകും. പണസമ്പാദനം, കർമ്മനിരത, മറ്റുള്ളവരെ പ്രീതിപ്പെടുത്തൽ എന്നിവ മാത്രമായി നിങ്ങളുടെ ജോലി ചുരുങ്ങുന്നില്ല. നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് നിങ്ങൾക്കത് ദൈവവിളിയാകുന്നത്. കേവലം പ്രായോഗികമായ ഒരു തീരുമാനം മാത്രമല്ലിത്. ഞാൻ എന്തിനാണ് സൃഷ്ടിക്കപ്പെട്ടത്, എന്തിനാണ് ഞാനീ ഭൂമിയിൽ വന്നത്, എന്റെ ജീവിതത്തിലെ ദൈവികപദ്ധതി എന്താണ് എന്നുള്ള തിരിച്ചറിവായി ഒടുവിൽ ഇത് മാറും. അവൻ നമ്മെ ഓരോ സ്ഥലവും സമയവും വിശദാംശവും കാണിച്ചുതരില്ല. ഞാൻതന്നെ ബുദ്ധിപൂർവം തീരുമാനങ്ങളെടുക്കണം, പക്ഷേ അവൻ എന്റെ സൃഷ്ടികർത്താവായതിനാൽ അവൻ ഒരു വഴി കാണിച്ചുതരും. ഞാൻ ആ ശബ്ദത്തിന് കാതോർക്കണം. കുശവന്റെ കയ്യിലെ കളിമണ്ണുപോലെ എന്നെ വാർത്തെടുക്കാനും നയിക്കാനും ഞാൻ അവനു നിന്നുകൊടുക്കണം. അപ്പോൾ ഞാനെന്താകണമായിരുന്നുവോ അതായിത്തീരും; എന്റെതന്നെ യാഥാർഥ്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട്. ❍

# കേരള കാരിസ് സർവ്വീസ് ഓഫ് കമ്മ്യൂണിയൻ (KCSC)

## എറണാകുളം സോണിന്റെ ആഭിമുഖ്യത്തിൽ

# സങ്കീർത്തന ധ്യാനം

## (സങ്കീർത്തനങ്ങളിലെ ക്രിസ്തുവിജ്ഞാനീയം)

**2026 ജൂൺ 21 ഞായർ വൈകിട്ട് 5.00 മുതൽ**
**24 ബുധൻ വൈകീട്ട് 5.00 വരെ. കളമശ്ശേരി എമ്മാവൂസിൽ**



"അവൻ അവരോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകൻമാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നുഞാൻ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ പറഞ്ഞിട്ടുണ്ടല്ലോ." ലൂക്ക: 24-44

"കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക." സങ്കീ: 110-1

## നേതൃത്വം നൽകുന്നത്:



റവ.ഫാ. ജോൺസൺ തൗണ്ടയിൽ
(കെ.സി.എസ്.സി. കോ ഓർഡിനേറ്റർ)



ബ്രദർ തോമസ് പോൾ & ടീം



റവ.ഫാ. ബൈജു കുറ്റിക്കൽ
(സോണൽ ആനിമേറ്റർ)

യേശുവിൽ പ്രിയമുള്ളവരേ,

കേരള കരിസ്മാറ്റിക് നവീകരണ സുവർണ്ണ ജൂബിലി വർഷത്തിൽ ക്രിസ്തു പ്രാർത്ഥിക്കുകയും അവനിൽ പൂർത്തീകരിക്കുകയും ചെയ്ത സങ്കീർത്തനങ്ങൾ ധ്യാനിച്ച് സഭയുടെ പ്രാർത്ഥന ശക്തിപ്പെടുത്തി ദൈവരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ ഈ ധ്യാനത്തിലേക്ക് സ്നേഹ പൂർവ്വം ഏവരേയും സ്വാഗതം ചെയ്യുന്നു.

| | | | |
|---|---|---|---|
| വിൻസെന്റ് ആന്റണി | ആശ ഐസക്ക് | ഡെയ്സി സി. ഒ. | പവി ആന്റണി |
| (മിനിസ്ട്രി കോ ഓർഡിനേറ്റർ) | (സോണൽ ട്രഷറർ) | (സോണൽ സെക്രട്ടറി) | (സോണൽ കോ ഓർഡിനേറ്റർ) |
| 9895557275 | 8330073972 | 9544489245 | 8590432547 |

(ഫീസ് 1,000/- രൂപ)

**രജിസ്ട്രേഷൻ: 9447092304, 9895557275, 9846965643**



# വിശുദ്ധ മറിയം ത്രേസ്യാമ്മ : ജ്ഞാനവും കൃപയും നിറഞ്ഞ ഒരു പുണ്യജീവിതം

**റിട്ട. ജസ്റ്റിസ് കുര്യൻ ജോസഫ് (സുപ്രീം കോടതി)**



ഉണ്ണിയേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്ന വേളയിൽ ശിശുവിനെ കയ്യിലെടുത്ത് ശിമയോൻ നടത്തുന്ന പ്രവചനം ഇങ്ങനെയാണ്: “ഇവൻ വിവാദ വിഷയമായ അടയാളമായിരിക്കും. അനേകരുടെ ഹൃദയ വിചാരങ്ങൾ വെളിപ്പെടും.” വിശുദ്ധ മറിയം ത്രേസ്യാമ്മയുടെ ചരമ ശതാബ്ദി വേളയിൽ എന്റെ മനസ്സിലേക്ക് കടന്നുവരുന്ന ആദ്യ ചിന്തയാണിത്. ഈ വചനഭാഗത്തെക്കുറിച്ച് ചിന്തിക്കാൻ കാരണം മറിയം ത്രേസ്യാമ്മ ഒരു മിസ്റ്റിക്കൽ വിശുദ്ധയായിരുന്നു എന്നതാണ്. മിസ്റ്റിക്കൽ വിശുദ്ധരെ മനസ്സിലാക്കാൻ സാധാരണഗതിയിൽ സാധ്യമല്ല. ആ വിധത്തിൽ മനസ്സിലാക്കണം എന്ന് ഈ വിശുദ്ധരും ആഗ്രഹിക്കുന്നില്ല. ഈ മിസ്റ്റിക്കൽ വിശുദ്ധരുടെ പ്രത്യേകത എന്താണെന്ന് ആലോചിക്കുമ്പോഴാണ് ഈ വചനഭാഗങ്ങളുടെ പ്രസക്തി വെളിപ്പെടുന്നത്. നമുക്കറിയാം മറിയം ത്രേസ്യയ്ക്ക് പര ഹൃദയജ്ഞാനം ഉണ്ടായിരുന്നു. അത് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിക്കൊടുത്ത ദാനമായിരുന്നു. മനഃശാസ്ത്ര രീതികളൊന്നും പഠിച്ച ആളായിരുന്നില്ല അമ്മ. പരിശുദ്ധാത്മാവ് വഴി പരഹൃദയ ജ്ഞാനം മറിയം ത്രേസ്യയ്ക്ക്



ലഭിച്ചത് മറ്റുള്ളവരുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കാൻ വേണ്ടിയായിരുന്നു. അല്ലാതെ വെളിപാടുകളിലൂടെ തനിക്ക് ദർശനവരസിദ്ധിയുണ്ടെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനൊന്നുമല്ലായിരുന്നു. വരദാനങ്ങളുടെ ഉപയോഗം നന്നായി അറിയാമായിരുന്ന അമ്മ തന്റെ പരഹൃദയജ്ഞാനം ആ അർത്ഥത്തിൽ മാത്രം ഉപയോഗിച്ച വ്യക്തിയായിരുന്നു. മറ്റുള്ളവരെ അഭിഷേകത്തിലേക്കും കൃപയിലേക്കും നയിക്കാൻ മാത്രമാണ് ആ ജ്ഞാനം അമ്മ ഉപയോഗപ്പെടുത്തിയിരുന്നത്. തന്നെ മറ്റുള്ളവർ തിരിച്ചറിയുന്നില്ലെങ്കിലും തന്നെ വിളിച്ചവൻ തന്നെ തിരിച്ചറിയുന്നു എന്ന സന്തോഷം വലിയ അനുഗ്രഹമായി അമ്മ കരുതി. വിളിച്ചവനോടുള്ള വിശ്വസ്തതയാണ് ജീവിതത്തിൽ പ്രധാനപ്പെട്ടതെന്ന തിരിച്ചറിവോടെയാണ് അമ്മ ജീവിച്ചത്. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ യേശു ജ്ഞാനം നിറഞ്ഞു ശക്തനായി ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു എന്ന് വായിക്കുന്നുണ്ട് (ലൂക്കാ 2:40). ജ്ഞാനത്താൽ ശക്തിയാർജിച്ചതു കൊണ്ടാണ് ദൈവകൃപ നിറഞ്ഞവളായിത്തീരാൻ മറിയം ത്രേസ്യയ്ക്ക് കഴിഞ്ഞതെന്ന് ആ ജീവിതം വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാനാകും. ജ്ഞാനം നിറയാതെ ഒരിക്കലും കൃപ നിറയില്ല, കൃപയില്ലാതെ ജ്ഞാനം കിട്ടുകയുമില്ല. മറിയം ത്രേസ്യയുടെ കാര്യത്തിൽ ഇവ രണ്ടും ജീവിതമാകുന്ന നാണയത്തിന്റെ രണ്ടു വശങ്ങളായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ജ്ഞാനവും കൃപയും നിറഞ്ഞ ഒരു വ്യക്തിക്കു മാത്രമേ വിളിച്ചവനോടുള്ള വിളിയിൽ വിശ്വസ്തതയോടെ നിലനിൽക്കാനാകൂ. വിളിയുടെ കാതൽ എന്നത് വിളിച്ചവനോടുള്ള വിശ്വസ്തതയാണ്. തന്നെ വിളിച്ചവൻ പരിശുദ്ധൻ ആകയാൽ താനും പരിശുദ്ധയാകണം എന്ന

നിർബന്ധ ബുദ്ധിയുണ്ടായിരുന്ന മറിയം ത്രേസ്യ അത് നിഷ്കർഷയോടെ ജീവിക്കുകയും ചെയ്തു. തനിക്കു ലഭിച്ച വിളിയും വിശുദ്ധിയും നിരന്തരമായി തന്നിൽ വളരേണ്ടതും നിറയേണ്ടതുമാണെന്നു വിശ്വസിച്ചതു കൊണ്ടാണ് സഹനങ്ങളെ സന്തോഷപൂർവം സ്വീകരിക്കാൻ അമ്മയ്ക്ക് സാധിച്ചത്. തിരുമുറിവുകൾ കൈവന്നു, പരഹൃദയ ജ്ഞാനം ലഭിച്ചു, മിസ്റ്റിക് അനുഭവങ്ങൾ ഉണ്ടായി...എന്നതിന്റെയെല്ലാം പേരിൽ ഈശോയ്ക്ക് പ്രിയപ്പെട്ടവളായി താൻ മാറി എന്നല്ല മറിയം ത്രേസ്യ ചിന്തിച്ചത്. മറിച്ച് ഇവയിലൂടെ എല്ലാം താൻ ഈശോയുടെ പ്രിയപ്പെട്ടവൾ ആയി മാറിക്കൊണ്ടിരിക്കുന്നു എന്നാണ്. ആ തലത്തിലേക്ക് നിരന്തരം വളരാൻ പ്രയത്നിച്ച വ്യക്തിയായിരുന്നു അമ്മ. അതുകൊണ്ട് ഈ അനുഭവങ്ങൾ ഒന്നും തന്നെ അമ്മയെ വ്യത്യസ്തയാക്കിയില്ലെന്നു മാത്രമല്ല സഹനങ്ങൾ എല്ലാം സന്തോഷത്തോടെ ഉൾക്കൊണ്ടു കൊണ്ട് അവ കൂടുതൽ ചോദിച്ചു വാങ്ങുകയും ചെയ്തു. സഹനങ്ങളുടെ പേരിൽ പ്രത്യേകിച്ചൊന്നും ആവശ്യപ്പെടാതെ അവയെല്ലാം സ്വയം ഉള്ളിലൊതുക്കി ജീവിച്ചു. സഹനങ്ങളുടെ ബാഹ്യ അടയാളങ്ങളിലൂടെ മറ്റുള്ളവരുടെ സഹതാപമോ പരിഗണനകളോ ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യാറില്ല എന്നത് മിസ്റ്റിക്കുകളുടെ പ്രത്യേകതയായി കാണാം. ദൈവസ്നേഹത്തിന്റെ പാരമ്യത്തിന്റെ അടയാളമായി സഹനങ്ങളെ കാണുന്നവരാണ് അവർ. അതുകൊണ്ടുതന്നെ മറിയം ത്രേസ്യയുടെ ജീവിതകാലത്ത് ഇതൊന്നും അത്ര പരസ്യമായിരുന്നില്ല. ആ വിധത്തിൽ പ്രത്യേക പ്രശസ്തിയോ പരിഗണനയോ അമ്മ ആഗ്രഹിച്ചിരുന്നുമില്ല. മറിയം ത്രേസ്യാമ്മയുടെ ജീവിതത്തിൽ വിശുദ്ധാത്മാക്കളുടെ സ്വാധീനം എത്രമാത്രം ഉണ്ടായിരുന്നു എന്ന് ചിന്തിക്കുന്നത് ഉചിതമാണെന്ന് തോന്നുന്നു. മറിയം ത്രേസ്യയ്ക്ക് അത്ഭുതങ്ങളെക്കുറിച്ച് വലിയ തിരിച്ചറിവ് ഉണ്ടായിരുന്നു. ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും പൂർണ്ണത പ്രാപിക്കുമ്പോൾ അവിടെ സംഭവിക്കുന്നതെല്ലാം അദ്ഭുതങ്ങളാണ്. ഇത് മറിയം ത്രേസ്യയുടെ കാര്യത്തിൽ വളരെ വ്യക്തമായി തിരിച്ചറിയാനാകും. "Miracles are not contrary to nature, but only contrary to what we know about nature" എന്ന് വിശുദ്ധ അഗസ്റ്റിൻ പറയുന്നുണ്ട്. വിശുദ്ധ അഗസ്റ്റിനുമായി ബന്ധപ്പെടുത്തിയുള്ള മറ്റൊരു ചിന്ത തന്റെ അകമേ വസിക്കുന്നവന്റെ ഉള്ളിൽ വസിക്കാൻ സാധിക്കുന്ന ഒരാൾക്ക് മാത്രമേ അവിടുത്തെ സന്തോഷം അനുഭവിക്കാനാകൂ എന്നതാണ്. തന്നോട് കൂടെയുള്ളവന്റെ കൂടെ താൻ ആയില്ലെങ്കിൽ ആ സന്തോഷം പൂർണ്ണമാകില്ല – ഈ ചിന്ത മറിയം ത്രേസ്യയെ സ്വാധീനിച്ചിരുന്നു. തന്റെ കൂടെയുള്ളവന്റെ കൂടെയായിരിക്കുക; തന്റെ ഉള്ളിലായിരിക്കുന്നവന്റെ ഉള്ളിലായിരിക്കുക – ഇതിൽനിന്ന് തന്നെ അകറ്റുന്ന ഒന്നിൽ നിന്നും മറിയം ത്രേസ്യ ഒരിക്കലും വ്യതിചലിച്ചിരുന്നില്ല. അത്തരത്തിലുള്ള ഒരു പ്രലോഭനവും ഉണ്ടാകാൻ അമ്മ അനുവദിച്ചിരുന്നുമില്ല.

**"Prayer is nothing else but union with God. In this intimate union, God and the soul are fused together like two bits of wax that no one can ever pull apart. This union of God with a tiny creature is a lovely thing. It is a happiness beyond understanding."** വിശുദ്ധ ജോൺ മരിയയുടെ വാക്കുകളാണിത്. ദൈവത്തോടുള്ള ഐക്യമാണ് പ്രാർഥനയുടെ കാതൽ. "നിന്നിൽ ഞാനുമെ, എന്നിൽ നീ അങ്ങനെ നാം..." എന്ന ഗാനത്തിലേതുപോലുള്ള ഐക്യം. ഇത് അമ്മ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ ദൈവ ഐക്യത്തിൽ എന്നും ജീവിച്ചു. രണ്ടു കഷണം മെഴുക് ഉരുകി ഒന്നായിരിക്കുന്നതുപോലെ ആർക്കും വേർപ്പെടുത്താനാവാത്ത സ്നേഹം. ഇപ്രകാരമുള്ള ഒട്ടിപ്പിടുത്തം മനുഷ്യ ബുദ്ധിക്ക് ചിന്തിക്കാവുന്നതിനും അപ്പുറമാണ്. പ്രാർഥനയുടെ ഐക്യത്തിൽ ദൈവവുമായി ഒട്ടിച്ചേർന്ന് ഈ ആനന്ദം അനുഭവിച്ചവളാണ് മറിയം ത്രേസ്യാമ്മ. If I do not become a Saint I am doing nothing. വിശുദ്ധ ഡൊമിനിക് സാവിയോയുടെ ഈ മനോവിചാരം അമ്മത്രേസ്യയിലും ദൃശ്യമാണ്. വിശുദ്ധിയിലേക്കുള്ള വളർച്ചയാണ് ജീവിതമെന്ന തിരിച്ചറിവ് ഇത്തരത്തിൽ വിളി കിട്ടിയവർക്കൊക്കെ ഉണ്ടായിരുന്നു. അത്

നിരന്തരമായ വളർച്ചയാണ് ജീവിതത്തിന്റെ അവസാന ശ്വാസം വരെയും വിശുദ്ധിയിൽ പൂർണ്ണത പ്രാപിക്കാനുള്ള പ്രയത്നം നിഷ്കർഷതയോടെ അനുഷ്ഠിക്കുന്നവരാണ് മിസ്റ്റിക്കൽ വിശുദ്ധർ. മറിയം ത്രേസ്യ ആ ഗണത്തിൽപ്പെടുന്നു.

**"Dream that the more you struggle, the more you prove the love that you bear your God, and the more you will rejoice one day with your Beloved, in a happiness and rapture that can never end."** ജീവിത പ്രതിസന്ധികളും വെല്ലുവിളികളും കൂടുതലായി ഉണ്ടാകുമ്പോൾ അത് ദൈവസ്നേഹം നമ്മിൽ വർദ്ധിതമായിരിക്കുന്നു എന്നതിന്റെ തെളിവാണ് എന്ന ആവിലായിലെ അമ്മ ത്രേസ്യയുടെ ഈ കാഴ്ചപ്പാടുകൾ മറിയം ത്രേസ്യയിലും ദർശിക്കാനാകും. ജീവിതത്തിലെ വൈതരണികളും പ്രയാസങ്ങളും എല്ലാം ഒരിക്കലും അസ്തമിക്കാത്ത സന്തോഷത്തിലേക്ക് വഴി നടത്തുന്നതാണ് എന്ന മനോവിചാരമാണ് അമ്മയ്ക്കുണ്ടായിരുന്നത്. തന്റെ സഹനങ്ങൾ ഈശോയോടുള്ള സ്നേഹത്തിന്റെ അടയാളമായി സ്വീകരിച്ച് അതിൽ സംതൃപ്തയായി പ്രത്യാശയോടെ അമ്മ ജീവിച്ചു.

**"Start being brave about everything. Drive out darkness and spread light. Don't look at your weaknesses. Realize instead that in Christ crucified you can do everything."** സിയെന്നായിലെ വിശുദ്ധ കാതറിന്റെ ഈ വചനങ്ങൾ മറിയം ത്രേസ്യയുടെ ജീവിതത്തോട് ചേർന്നു നിൽക്കുന്നതാണ്. നാം ചെയ്യുന്ന ഏതു കാര്യവും വിശുദ്ധമായ ധീരതയോടെ ചെയ്യുന്നു എന്ന ചിന്ത നമ്മിൽ ഉണ്ടാവണം. അന്ധകാരം അകറ്റി എപ്പോഴും പ്രകാശം പ്രസരിപ്പിക്കാൻ കഴിയണം. നമ്മുടെ പോരായ്മകളോ ബലഹീനതകളോ നോക്കേണ്ടതില്ല. ക്രൂശിതനായ കർത്താവിൽ എല്ലാ കാര്യങ്ങളും നമുക്ക് ചെയ്യാനാവും. ഈ ചിന്ത മറിയം ത്രേസ്യ സ്വജീവിതത്തിൽ പകർത്തിയിരുന്നു. അമ്മയ്ക്ക് വലിയ പാണ്ഡിത്യമോ, പഠിപ്പോ, ആരോഗ്യമോ, സൗന്ദര്യമോ ഒന്നും ഉണ്ടായിരുന്നില്ല. ഒരു സാധാരണ സ്ത്രീയായിരുന്നു. പക്ഷേ ആ സാധാരണ സ്ത്രീക്ക് വലിയൊരു ബോധ്യവും തിരിച്ചറിവും എന്നും ഉണ്ടായിരുന്നു: "തന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും." **Keep a clear eye toward life's end. Do not forget your purpose and destiny as God's creature. What you are in his sight is what you are and nothing more. Remember that when you leave this earth, you can take nothing that you have received... but only what you have given; a full heart enriched by honest service, love, sacrifice, and courage.** മറിയം ത്രേസ്യാമ്മയുടെ ധന്യ ജീവിതം അനുസ്മരിക്കുമ്പോൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ഈ വാക്കുകളെക്കാൾ കൂടുതലായി ഒന്നും പറയേണ്ടതില്ല. തന്റെ കഴിവുകളോ പ്രാഗല്ഭ്യമോ ആരോഗ്യമോ ഒന്നും നോക്കിയല്ല അമ്മ തന്റെ ജീവിതദൗത്യം തുടർന്നത്. ദൈവസ്നേഹത്തിലും സന്തോഷത്തിലും സംതൃപ്തമായ ഒരു ഹൃദയം അവർ പകർന്നു നൽകി. മറ്റുള്ളവർക്ക് തന്നാൽ കഴിയുന്നത്ര സേവനങ്ങൾ കലവറയില്ലാതെ പകുത്തു നൽകി. ആ സ്നേഹത്തിന്റെ നിറവ് കുടുംബങ്ങളിലേക്ക് പകർന്നു. ദൈവസ്നേഹത്തിന്റെ നിറവ് കുടുംബങ്ങളിൽ അനുഭവിക്കാൻ സാധിക്കുന്നവർക്ക് ജീവിത ധന്യത കൈവരുമെന്നും അവിടെ നല്ല ദൈവവിളികൾ ഉണ്ടാകുമെന്നും സ്ത്രീശക്തീകരണം സാധ്യമാകുമെന്നും കുഞ്ഞുങ്ങൾ വിശുദ്ധിയിൽ വളരുമെന്നും സ്നേഹബന്ധങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും സഹനം സ്നേഹത്തിന്റെ അടയാളമായി മാറുമെന്നുമൊക്കെ മറിയം ത്രേസ്യാമ്മ കാണിച്ചുകൊടുത്തു. അത്തരത്തിൽ വലിയൊരു ധൈര്യത്തിന്റെ സാക്ഷ്യമാണ് അമ്മയുടെ ജീവിതം. ഈ വിധത്തിൽ ആത്മീയ ധീരതയോടെ ജീവിക്കാൻ നമ്മെ ഓരോരുത്തരെയും അമ്മ ആഹ്വാനം ചെയ്യുന്നു. അതിന് മറിയം ത്രേസ്യാമ്മയുടെ ശതാബ്ദിയാചരണങ്ങൾ സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു, പ്രാർഥിക്കുന്നു. ❍




KCBC
MEDIA COMMISSION
60th World Day of
SOCIAL
COMMUNICATIONS


അരങ്ങ് 2026
നാടക
ശില്പശാല



# ദേവസങ്കീർത്തന സപര്യയുമായി ഒരു കർമ്മലീത്തൻ

**ഷെവ.ഡോ.പ്രിമൂസ് പെരിഞ്ചേരി**



പൗരോഹിത്യാഭിഷേകത്തിന്റെ വിശുദ്ധ സ്മൃതി ആചരിക്കുന്ന പെസഹാ വ്യാഴാഴ്ച (2026 ഏപ്രിൽ 2) മഞ്ഞുമ്മൽ കർമലിത്താ സഭയിലെ ശ്രേഷ്ഠാംഗവും സെമിനാരി ഗുരുവും പ്രതിഭാധനനുമായ റവ. ഡോ. ജസ്റ്റിൻ പനക്കൽ ഒസിഡി ദേവദൂതരൊത്ത് സങ്കീർത്തന ശുശ്രൂഷ ചെയ്യാൻ യാത്രയായി. 91–ാം ജന്മദിനാഘോഷത്തിന്റെ അലയൊലി കെട്ടടങ്ങും മുമ്പായിരുന്നു ആകസ്മിക വിയോഗം. ബാല്യം തൊട്ടേ സംഗീതത്തിൽ അസാമാന്യ പാടവം പ്രദർശിപ്പിച്ചിരുന്ന ജസ്റ്റിൻ വളരുന്തോറും ആ കഴിവിൽ ഏറെ മികവുകാട്ടി. പഠനകാലത്തും സെമിനാരി പ്രൊഫസറായിരിക്കുമ്പോഴും അതിൽ അദ്ദേഹം കൂടുതൽ പ്രാഗത്ഭ്യം പ്രദർശിപ്പിച്ചു. യാദൃച്ഛികമായാണ് ഗൾഫ് രാജ്യങ്ങളിൽ വച്ച് സംഗീത ചക്രവർത്തി യേശുദാസിനെ കണ്ടുമുട്ടുന്നത്. അച്ചന്റെ അമിത പ്രതിഭ മനസ്സിലാക്കിയ അദ്ദേഹം തരംഗിണിക്കു വേണ്ടി ഒരു ഭക്തിഗാന കാസറ്റിനു സംഗീതം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. തന്റെ സെമിനാരി വിദ്യാർത്ഥികളിൽ നിന്ന് രചനകൾ മഹാമനസ്കതയോടെ സ്വീകരിച്ച ജസ്റ്റിനച്ചൻ ആവശ്യകമായ തിരുത്തലുകളും ഭേദഗതികളുംവരുത്തി ചെത്തി മിനുക്കിയാണ് ഈണം പകർന്നത്. രചനകൾക്ക് ഭാവാനുരോധിയായ സംഗീതം വീണതോടെ അവയെല്ലാം കേരള ക്രൈസ്തവ ഭക്തി ഗാനങ്ങളുടെ ശീർഷലേഖമായി പരിണാമം കൊണ്ടു. സ്നേഹ പ്രവാഹത്തിലെ എല്ലാ ഗാനങ്ങളും ലോകമെമ്പാടുമുള്ള സംഗീത പ്രണയികൾ കരളോർമകളാക്കി. പൈതലാം യേശുവേ, സ്നേഹസ്വരൂപാ തവ ദർശനം, എൻ ജീവിതമാം ഈ മരക്കൊമ്പിൽ, പുതിയൊരു പുലരി, കർത്താവാം യേശുവേ എന്നിവ ഏവരുടെയും അധരപ്രിയ ഗീതങ്ങളായി. വേറെ മൂന്ന് കാസറ്റുകൾ കൂടി തരംഗിണിയിൽ നിന്ന് യേശുദാസിന്റെ ഗന്ധർവ ശ്രുതിയിൽ പുറത്തിറങ്ങി. പൈതലാം യേശുവേ (പാടിയത് ചിത്ര) ഒഴികെ



ബാക്കിയെല്ലാം യേശുദാസ് തന്നെ നിർബന്ധബുദ്ധിയോടെ ഏറ്റെടുത്തു. അദ്ദേഹം അത്രമേൽ ആ ഗാനാമൃതത്തിൽ മയങ്ങിപ്പോയി! ഈ തരംഗിണി ഗീതങ്ങൾ ജസ്റ്റിനച്ചനു നല്കിയ ജനപ്രിയത, പക്ഷേ അദ്ദേഹത്തെ അസ്വസ്ഥനാക്കിയെന്നു പറയപ്പെടുന്നു. തന്റെ വഴി സെമിനാരിയിലെ അധ്യാപനമാണെന്നും ഈ സംഗീത ആമുഖ്യവും തദദ്ഭുവിത ഖ്യാതവും തന്റെ വിനീതമായ ആധ്യാത്മികാ അഭിമുഖ്യങ്ങൾ വിഘാതമാകുമോ എന്നും ഭയന്ന് ആ സാത്വിക സന്യാസി, ആരാധക വൃന്ദം അത്രമേൽ നിർബന്ധിച്ചിട്ടും സംഗീത ലോകത്തുനിന്നു നിഷ്ക്രമിക്കാൻ തന്നെ തീരുമാനിച്ചു. തുടർന്ന് സെമിനാരി അധ്യാപനത്തിലും ആധ്യാത്മിക ഗ്രന്ഥ രചനയിലും മുഴുകി. ഫാ. അലക്സ് വടക്കുംതല സി.എ.സി. ഡയറക്ടറായിരിക്കേ (പിന്നീട് കണ്ണൂർ ബിഷപ്പ്) സ്നേഹനിർബന്ധത്തിനു വഴങ്ങി ഒരു ഗാനത്തിനു സംഗീതം നല്കി: എന്നെ നയിക്കും നല്ലോരിടയൻ.... തുടർന്ന് മൗനത്തിന്റെ വിശുദ്ധ വല്മീകങ്ങളിൽ അഭയം. അന്ത്യയാത്രയ്ക്ക് ആറു മാസം മുമ്പ് എന്റെ പാട്ടിനും ജസ്റ്റിനച്ചൻ ഈണം പകർന്നു: നമ്മുടെ ഹൃത്തിലെഴുന്നള്ളാൻ.... അത് എനിക്ക് ദൈവം തന്നെ വൻ കൃപ! ❍






# ക്രിസ്തുസ്നേഹത്തിന്റെ കുന്തിരിക്കപ്പുകയിൽ വിടരുന്ന ഒരു അസ്സീസ്സിസ്മരണ

**സി. നിലീൻ മരിയ** SSJBC, ഇറ്റലി

**ഫ്രാൻസിസ്ക്കൻ വർഷാചരണത്തിലാണ് ആഗോള കത്തോലിക്കാ സഭ. ഈ വർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ അസ്സീസ്സി സന്ദർശിച്ച കൊത്തലങ്കോ സന്യാസിനി സഭാംഗമായ ഒരു സമർപ്പിതയുടെ ആത്മീയനേർക്കാഴ്ചയാണിത്**



വ്യത്യസ്ത സംസ്കാരങ്ങളിൽ നിന്ന് ഇറ്റലിയിലേയ്ക്ക് വന്ന ഒരു കൂട്ടം സന്യസ്തരായ ഞങ്ങളുടെ ക്രമപ്രകാരമുള്ള രൂപീകരണത്തിന്റെ ഭാഗമായി അസീസിയിൽ തന്നെ ഒത്തു കൂടാം എന്ന് ഞങ്ങൾ തീരുമാനിക്കുകയായിരുന്നു. വ്യത്യസ്ത ഭാഷകൾ, പാരമ്പര്യങ്ങൾ, ജീവിത പശ്ചാത്തലങ്ങൾ... എന്നാൽ ഒരേ ആഗ്രഹത്താൽ ഞങ്ങൾ ഏകീകരിക്കപ്പെട്ടു, ക്രിസ്തുവിനെ കൂടുതൽ ആഴത്തിൽ അന്വേഷിക്കുക, അവന്റെ സ്നേഹത്താൽ രൂപപ്പെടാൻ നമ്മെത്തന്നെ അനുവദിക്കുക. ഒരുമിച്ച് നടക്കുന്നതിന്റെയും ഒരുമിച്ച് പ്രാർത്ഥിക്കുന്നതിന്റെയും ദൈനംദിന ജീവിതത്തിന്റെ ലാളിത്യം പങ്കിടുന്നതിന്റെയും സാഹോദര്യത്തിന്റെ സൗന്ദര്യം കണ്ടെത്തുന്നതിന്റെയും സന്തോഷം, നമ്മുടെ വ്യത്യസ്തതകൾക്കിടയിലും ദൈവം മനോഹരമായ എന്തോ ഒന്ന് കെട്ടിപ്പടുക്കുകയാണെന്ന് ഞങ്ങൾക്ക് തോന്നി. കൂട്ടായ്മയുടെയും ലാളിത്യത്തിന്റെയും ഈ അന്തരീക്ഷത്തിലാണ് അസീസി ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചത്. അസീസി



ഞാൻ സന്ദർശിക്കുകയാണ് എന്ന് കരുതാൻ സാധിക്കാത്ത വിധം , അത് എന്റെ ഹൃദയത്തിൽ തങ്ങിനിൽക്കുന്ന ഒരു അനുഭവമാണെന്നെ പറയാൻ സാധിക്കുകയുള്ളൂ. ആ ചെറിയ തെരുവുകളിലൂടെ നടന്നു, നിശബ്ദമായി പ്രാർത്ഥിച്ചു, എല്ലാറ്റിന്റെയും ലാളിത്യം കണ്ടു... അത് ഒരു അനുഭവമായതുകൊണ്ടുതന്നെ വിശുദ്ധന്റെ സാന്നിദ്ധ്യം ഇപ്പോഴും അവിടെ ഉള്ളതുപോലെ തോന്നി. പതുക്കെ എന്റെ ഉള്ളിൽ ഒരു ചോദ്യം ഉയരാൻ തുടങ്ങി: ഫ്രാൻസിസ് എങ്ങനെയാണ് ക്രിസ്തുവിനെപ്പോലെയായത്? അദ്ദേഹം ദൈവത്തെ 'പിതാവ്' എന്ന് യഥാർത്ഥത്തിൽ വിളിച്ച നിമിഷം മുതൽ അത് ആരംഭിച്ചുവെന്ന് എനിക്ക് തോന്നി. അന്നുമുതൽ, അദ്ദേഹത്തിന്റെ മുഴുവൻ ജീവിതവും മാറാൻ തുടങ്ങി. സ്വന്തം ജീവിതത്തിലൂടെ ദൈവവചനം മാംസമാകാൻ അദ്ദേഹം അനുവദിച്ചപ്പോൾ...എല്ലാ സൃഷ്ടികളെയും സഹോദരീസഹോദരന്മാരായി കാണാൻ തുടങ്ങിയപ്പോൾ, സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ പിടിച്ചുനിൽക്കാൻ സ്വന്തമായി ഒന്നുമില്ലാതെ... പൂർണ്ണ ദരിദ്രനും ഭയമില്ലാത്തവനും ആരോടും കടപ്പാടില്ലാത്തവനും. അനന്തകാരുണികനായ ദൈവത്തെ മാത്രം സ്നേഹിക്കാൻ ആഗ്രഹിക്കുകയും ചെയ്തപ്പോൾ ലോകത്തിന്റെ ദൃഷ്ടിയിൽ അദ്ദേഹം 'ഭ്രാന്തൻ' മാത്രമായി. അപ്പോൾ ക്രിസ്തുവിനോട് സദൃശ്യമായി മാറിയ ഒരു ഫ്രാൻസിസിനെ എനിക്ക് കാണാൻ കഴിഞ്ഞു. വിശുദ്ധി എന്ന് പറഞ്ഞാൽ മഹത്തായ കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ചല്ലെന്ന് ഞാൻ മനസ്സിലാക്കി. അത് പൂർണ്ണമായും ദൈവത്തിന്റേതാവുക എന്നത് മാത്രമാണ്. ഫ്രാൻസിസ് പ്രശസ്തനാകാനോ അസാധാരണനാകാനോ ശ്രമിച്ചില്ല. എല്ലാം ക്രിസ്തുവിനു വിട്ടുകൊടുക്കാൻ അദ്ദേഹം അനുവദിച്ചു. ഒരുപക്ഷേ അതുകൊണ്ടാണ്, 800 വർഷങ്ങൾക്കു ശേഷവും, അദ്ദേഹത്തിന്റെ ജീവിതം ഇപ്പോഴും സംസാരിക്കുന്നത്. ഇപ്പോൾ നമ്മുടെ ഊഴമാണ് ക്രിസ്തുവിനെ സാധാരണ ജീവിതത്തിലൂടെ വീണ്ടും ദൃശ്യമാക്കാൻ... പ്രാർത്ഥന, ലാളിത്യം, സാഹോദര്യം, മറഞ്ഞിരിക്കുന്ന ത്യാഗങ്ങൾ, ദരിദ്രരോടുള്ള സ്നേഹം, സന്തോഷകരമായ സമർപ്പണം എന്നിവയിലൂടെ അത് സാധ്യമാകും. ലോകം ഇനിയും ക്രിസ്തുവിനെ കാണേണ്ടതുണ്ടെന്ന് അസീസി എന്നെ ഓർമ്മിപ്പിച്ചു.ഒരുപക്ഷേ ക്രിസ്തു വീണ്ടും ദൃശ്യനാകാൻ ആഗ്രഹിക്കുന്നു – അവനു പൂർണ്ണമായും സമർപ്പിക്കപ്പെട്ട ഹൃദയങ്ങളിലൂടെ. ❍





# എങ്ങനെ മറക്കാൻ കഴിയും, ഈ വാക്കുകളും ചിന്തകളും?

**ബേബി മൂക്കൻ**



**അന്തരിച്ച ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചും പൗരോഹിത്യത്തെക്കുറിച്ചും വിദ്യാഭ്യാസ- ആതുരശുശ്രൂഷാ രംഗങ്ങളെക്കുറിച്ചും ഈ വൈദിക ശ്രേഷ്ഠന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. 'ജീവധാര'യിൽ 2012-ൽ പ്രസിദ്ധീകരിച്ചതാണെങ്കിലും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഇന്നും പ്രസക്തമാണ്. ആ വാക്കുകൾ ഉദ്ധരിക്കുകയാണ് ലേഖകൻ.**

ആധുനിക കാലഘട്ടത്തിൽ കത്തോലിക്കാ സഭയുടെ പ്രവർത്തന മണ്ഡലങ്ങൾ സ്വീകരിക്കേണ്ട ദിശ വളരെ വ്യക്തമാണ്. ലൂക്കായുടെ സുവിശേഷത്തിലെ 'നസ്രത്ത് പ്രഖ്യാപനം' (ലൂക്കാ 4:18-21) തന്നെയാണ് സഭ സ്വീകരിക്കേണ്ട ശൈലിയും സാന്നിധ്യവും. നന്മയുടെ പക്ഷം ചേരുന്നതിൽ നഷ്ടമുണ്ടെങ്കിലും ആ നഷ്ടം നേട്ടമായി കാണുവാനുള്ള ക്രിസ്തുവിന്റെ കണ്ണുകളാകണം സഭയെ നയിക്കേണ്ടത്.

• സൗമ്യദീപ്തമായ യേശുവിന്റെ മുഖം എവിടെയെല്ലാം അവതരിപ്പിക്കപ്പെടുന്നുവോ അവിടെയെല്ലാം ക്രിസ്തുവും സഭയും വിജയിക്കുന്നു.

• യേശുക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായാണ് വൈദികരെ സമൂഹം നോക്കിക്കാണുന്നത്. വാക്കും നോക്കും നടപ്പും ചുരുക്കത്തിൽ ജീവിതവും സസൂക്ഷ്മം വീക്ഷിച്ച് വിലയിരുത്തുന്ന ഒരു സമൂഹത്തിലാണ് വൈദികർ ജീവിക്കേണ്ടത്... ജനങ്ങളോടൊപ്പം നിൽക്കുന്നവനാണ് വൈദികൻ എന്നാണ് ആധുനിക ലോകം പൗരോഹിത്യത്തെ നിർവചിക്കുന്നത്.





• വത്തിക്കാൻ കൗൺസിലിന്റെയും പരിശുദ്ധ പിതാക്കന്മാരുടെയും നിരീക്ഷണങ്ങളിൽ അനാവൃതമാകുന്ന സർവമത സഹോദര്യത്തിലൂടെയുള്ള ക്രൈസ്തവ സാക്ഷ്യം ഇന്ന് ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്.

•. പരമ്പരാഗത സേവന മേഖലകളായ വിദ്യാഭ്യാസ– ആതുരരംഗം ഇന്ന് സഭയുടെ ശക്തിയോ ബലഹീനതയോ എന്നുള്ള ഗൗരവമായ അപഗ്രഥനം അനിവാര്യമാണ്. നല്ല സമറിയാക്കാരന്റെ മാതൃകയിൽ സേവനമനുഷ്ഠിക്കുന്ന മിഷൻ ആശുപത്രികളെ സമൂഹം ആദരവോടെയാണ് നോക്കിക്കാണുന്നത്. സേവനത്തിൽ കരുണ കലരാതെ പോകുന്ന സന്ദർഭങ്ങളിൽ പൊട്ടിപ്പുറപ്പെടുന്ന ചില വിമർശനങ്ങളോ പ്രകോപനങ്ങളോ മൊത്തം സഭയോടുള്ള 'എതിർപ്പായി കാണേണ്ടതില്ല. ദാരിദ്ര്യത്തിന്റെ നിസ്സഹായത അനുഭവിക്കുന്ന ഒരു പാവം രോഗിയായിരിക്കണം ഒരു മിഷൻ ആസ്പത്രിയിലെ ഏറ്റവും വലിയ വി.ഐ.പി.

• സഭാ സാന്നിദ്ധ്യത്തിന്റെ വെള്ളിനക്ഷത്രമായിരുന്ന നമ്മുടെ പള്ളിക്കൂടങ്ങൾ... മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്കുള്ള ദൂരം ആഴമായ അറിവിൽ നിന്നു മാത്രമേ അനുഭവിക്കാൻ കഴിയൂ എന്നു പറയുകയും പഠിപ്പിക്കുകയും ചെയ്ത ക്രൈസ്തവ മിഷണറിമാരായ ഹോത്യാഗികളുടെ പിൻതലമുറക്കാരായ നാം വിദ്യാഭ്യാസം ലാഭരഹിതമായി പരിരക്ഷിക്കണം... ചില്ലുകൂട് വിദ്യാഭ്യാസ കേന്ദ്രങ്ങളല്ല നമുക്ക് ഇന്നാവശ്യം. ഉന്നതവിദ്യാഭ്യാസ രംഗത്തെ താങ്ങാനാവാത്ത ഫീസ് നിരക്ക് ക്രൈസ്തവമാക്കാൻ നമുക്ക് കഴിയണം.

• ആസ്പത്രികൾ പ്രഥമദൃഷ്ട്യാ ചികിത്സാ കേന്ദ്രങ്ങൾ തന്നെ, എന്നിരുന്നാലും ചികിത്സാതലത്തിൽ മാത്രം ഒതുങ്ങാതെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി മെഡിക്കൽ കോളജുകൾ, നഴ്സിംഗ് കോളജുകൾ, സ്കൂളുകൾ തുടങ്ങിയവയെല്ലാം രോഗപ്രതിരോധ നടപടികളിൽ ഏർപ്പെടേണ്ടതുണ്ട്.

• വിശ്വാസത്തിന്റെ ആഴമായ വേരുകൾ ദൃശ്യമായിരുന്ന പാശ്ചാത്യലോകത്തിനു വന്ന വേരു ചീയൽ രോഗം ഭാരതത്തിൽ പ്രവേശിക്കാതിരിക്കാൻ വിശ്വാസത്തോടൊപ്പം വേദനയനുഭവിക്കുന്നവർക്ക് ആശ്വാസം പകരുവാനും നമുക്കാവട്ടെ. ❍



# എവിടെ ദരിദ്രരുണ്ടോ അവിടെ സഭയുണ്ടാകും

വാർത്ത

**ആന്റണി ചടയംമുറി**

ഭരണകൂടങ്ങളുടെ മുൻഗണനാമേഖലകളിൽ നിന്ന് ദരിദ്രർ അപ്രത്യക്ഷരായിക്കഴിഞ്ഞു. 'തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ' ജീവിതം വഴി മുട്ടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ആയുധങ്ങൾ വാങ്ങിക്കൂട്ടുകയും ഭരണകൂടങ്ങളുടെ ഇമേജ് വർദ്ധിപ്പിക്കാനുള്ള മഹാ നിർമ്മിതികളിലേക്ക് ഭരണകൂടങ്ങൾ ശ്രദ്ധതിരിക്കുകയും ചെയ്യുമ്പോൾ ഭാരതത്തിലെ ദരിദ്രർക്കായുള്ള ക്ഷേമപദ്ധതികളിൽ പലതും കടലാസിൽ ഒതുങ്ങുന്നു. അധികാരവികേന്ദ്രീകരണത്തിനായി ആവിഷ്ക്കരിച്ച 'പഞ്ചായത്തീരാജ്' ഇനിയും പ്രാദേശിക ഭരണകൂടങ്ങളുടെ ശാക്തീകരണത്തിന് വേണ്ടവിധം പ്രയോജനപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധിയുടെ പേരിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നു പോലും കേന്ദ്രഭരണകൂടം ഭാഗികമായി പിൻവാങ്ങിക്കഴിഞ്ഞു. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ തുകയിൽ 40 ശതമാനം സംസ്ഥാന ഭരണകൂടങ്ങൾ വഹിക്കണമെന്ന പുതിയ നിർദ്ദേശം തീർച്ചയായും ദരിദ്ര ജനവിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ളതല്ല. ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും പണപ്പെരുപ്പത്തിന്റെയും സൂചികകൾ പാവങ്ങളുടെ ജീവിതം ദുസ്സഹമായെന്നാണ് നമ്മോട് പറയുന്നത്. വോട്ട് കാലത്ത് പല ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുകയും പിന്നീട് അവ സൗകര്യപൂർവം മറന്നുകളയുകയും ചെയ്യുന്നത് ജനക്ഷേമഭരണത്തിന്റെ നല്ല ലക്ഷണമല്ല.

ചിന്ത

ക്രിസ്തുവിന്റെ സഭയാകണമെങ്കിൽ ദരിദ്രരോടൊപ്പം, ദരിദ്രരായി നടക്കുന്ന, ദരിദ്രർക്ക് ഒരു പ്രത്യേക ഇടം നൽകുന്ന ഒന്നായിരിക്കണം.

**– ലെയോ പതിനാലാമൻ പാപ്പ (അവൻ നമ്മെ സ്നേഹിച്ചു– നമ്പർ 20)**



KCBC വിലങ്ങാട് പുനരധിവാസം
ആദ്യഘട്ട പ്രവർത്തനങ്ങളുടെ
സമാപന
സമ്മേളനം
റൈറ്റ്. റവ. ഡോ.വർഗീസ് ചക്കാലക്കൽ
(പ്രസിഡന്റ് കെ.സി.ബി.സി)
2026 മെയ് 14 വ്യാഴാഴ്ച
മഞ്ഞക്കുന്ന് പള്ളി അങ്കണത്തിൽ
04 വൈകുന്നേരം മണിക്ക്
മാർ റെമിജിയോസ് ഇഞ്ചനാനിയിൽ
(ബിഷപ്, താമരശ്ശേരി രൂപത)
മാർ ജോസഫ് പാംപ്ലാനി
(ആർച്ച് ബിഷപ്, തലശ്ശേരി അതിരൂപത)
റൈറ്റ്. റവ. ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ
(ചെയർമാൻ, ജെ പി ഡി കമ്മീഷൻ)
സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ് (COD), താമരശ്ശേരി രൂപത

VATHICAN THARANGAM
RN 55178/94
Total Pages 48 Date of Publication 28-04-2026




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.